# നബിയുടെ പേരിൽ
# സ്വലാത്തും സലാമും ചൊല്ലലെങ്ങനെ?

ഗ്രന്ഥകർത്താവ്:

**പി.കെ.എം. അബുൽഹസൻ**

**(മൗലവി ചേകനൂർ)**

1992-മാർച്ച്
കോപ്പി. 2000
വില. 4ക

പി.കെ.എം.പ്രസ്സ് പബ്ലിഷിംഗ് ഹൗസ്.
പി.ഒ. എടപ്പാൾ. മലപ്പുറം ജില്ല.

# NABIYUDE PERIL SWALATHUM SALAMUM CHOLLALENGNAE

By.
P.K.M. ABUL HASAN
(MOULAVI CHEKANOOR)

COPY RIGHT RESERVED

Checking & corrections
(with orginal copy) done by
***Dr. M.Abdul Jaleel**, Puttekkad.*

For Chekanoor Moulavi Trust
www.chekanoormoulavi.com
www.Khur-aansunnathsociety.com

പി.കെ.എം പ്രസ്സ് & പബ്ലിഷിംഗ് ഹൗസ്.
പി.ഒ. എടപ്പാൾ. മലപ്പുറം ജില്ല.

1992 മാർച്ച്
വില: 4 ക

## ഉള്ളടക്കം

1. നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലലെങ്ങനെ? 5
2. സ്വലാത്തും സലാമും ചൊല്ലണമെന്ന് ഖുർആനിലുണ്ടോ? 8
3. ലോകപുരോഹിതന്മാർ ഏകകണ്ഠമായി ചെയ്ത ഖുർആൻ ദുർവ്യാഖ്യാനം! 8
4. നബിയെ പൂജിക്കുന്നവർ അല്ലാഹുവിനെ മാനിക്കുന്നില്ല ! 13
5. സ്വലാത്തിലും സലാമിലുമുള്ള ഖുർആൻ നിഷേധവും ധിക്കാരവും 14
6. അബൂഹുറയ്റാകമ്പനിയുടെ ഖുർആൻ ധിക്കാരത്തിന്റെ ആഴം കാണുക! 15
7. സ്വലാത്തിലും സലാമിലുമെന്നപോലെ ബാങ്കിലും ഇഖാമത്തിലും അല്ലാഹുവിനെ പരിഹസിക്കുന്നു! 17
8. ഇഖാമത്തിലെ ദൈവധിക്കാരം 18
9. "മൗലായസ്വല്ലി"യിലെധിക്കാരം 19
10. അപ്പോൾ നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ പാടില്ലെന്നോ? 20
11. നബിയുടെ പേര് കേൾക്കുമ്പോഴെന്ത് വേണം ? 22
12. ദൈവധിക്കാരപരമായ ഈ സ്വലാത്ത് പ്രചാരത്തിലായതെങ്ങിനെ ? 22
13. ആ കള്ളഹദീസിലെ പൊള്ളത്തരങ്ങൾ കാണുക! 24
14. ഇക്കാലംവരെ ഇതൊന്നും വെളിപ്പെടാതിരിക്കാൻ കാരണമെന്ത്? 25
15. പൺഡിതൻന്മാരെ തരം താഴ്ത്തുകയല്ല. തരം താഴ്ന്നവരെ വെളിക്ക്കൊണ്ട് വരികയാണ് 26

പരമ കാരുണികനും കരുണാനിധിയുമായ
അല്ലാഹുവിന്റെ തിരുനാമത്തിൽ

# പ്രസ്താവന

ഖുർആൻ സുന്നത്തനുസരിച്ചുള്ള വിശ്വാസാചാരങ്ങൾ വിവരിച്ചുകൊണ്ടും സുന്നത്ത് ജമാഅത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തൊലിയുരിച്ചു കാണിച്ചുകൊണ്ടും ഈയുള്ളവൻ തയ്യാറാക്കുന്ന 13-ാമത്തെ കൃതിയാണിത്. ഖുർആൻ സുന്നത്തിന്റെ മഹത്വവും സുന്നത്ത് ജമാഅത്തിന്റെ അധ:മത്വവും ഖുർആന്റെ വെളിച്ചത്തിൽ തുറന്നു കാണിക്കുന്ന പത്തിൽപരം ഗ്രന്ഥങ്ങൾ ഇനിയും തയ്യാറാക്കേണ്ടതുണ്ട്. അതിന് പുറമെ ഒരു സമ്പൂർണ്ണ ഖുർആൻ പരിഭാഷയും വളരെ അത്യാവശ്യമായിരിക്കുന്നു. ഖുർആൻ വിശ്വാസികളായ ആദർശബന്ധുക്കളുടെയും സത്യാന്വേഷികളുടെയും സഹായസഹകരണങ്ങൾ എത്രകണ്ടുണ്ടാകുന്നുവോ അത്രത്തോളം വേഗത്തിലും മെച്ചത്തിലും അതെല്ലാം പുറത്ത് വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഖുർആൻസുന്നത്തിന്റെ ആദർശപ്രചരണരംഗത്ത് സമുദായംഗങ്ങൾക്ക് കാര്യബോധം വളർന്നുവരുന്നതേയുള്ളൂ. ഉന്നതരായ പല മാന്യവ്യക്തികളും ഖുർആൻ സുന്നത്തിന്റെ ആശയാദർശങ്ങളിലേക്കാകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എങ്കിലും ആത്മാർത്ഥതയോടെ അവ പ്രചരിപ്പിക്കാനും അതിന്റെ പ്രവർത്തനത്തിനുവേണ്ടി പണവും സമയവും ചെലവഴിക്കാനും തയ്യാറുള്ള മഹൽവ്യക്തികൾ അവരിൽ അപൂർവ്വം പേരെയുള്ളൂ. ജിഹാദ് (സത്യപ്രബോധനത്തിന്ന് വേണ്ടിയുള്ള ത്യാഗം) ഒരു ഇസ്ലാം കാര്യമായി ആദ്യമേ സമുദായത്തെ പഠിപ്പിക്കപ്പെടാത്തതാണതിന്ന് കാരണം. ഏതായാലും പത്തിരട്ടിമാത്രം പ്രതിഫലമുള്ള നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായ- പരോപകാരമില്ലാത്ത - കേവലാരാധനകളല്ല ഇസ്ലാമിലെ പ്രധാന പുണ്യകർമ്മങ്ങളെന്നും 700 ഇരട്ടിയും അതിലെത്രയോ അധികവുമൊക്കെ പ്രതിഫലം നിശ്ചയിക്കപ്പെട്ട പരോപകാരപ്രദമായ സകാത്തും ജിഹാദും കരാർപാലനവുമൊക്കെയാണ് ഇസ്ലാമിലെ ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളെന്നും മറ്റുമുള്ള ഖുർആനിക സിദ്ധാന്തങ്ങൾ സമുദായത്തിൽ വേണ്ടത്ര പ്രചാരത്തിലായിക്കഴിഞ്ഞാൽ, ഇപ്പോൾ സുന്നത്ത് ജമാഅത്തിന്ന് വേണ്ടി ത്യാഗം ചെയ്യുന്ന പലരും മേലിൽ ഖുർആൻ സുന്നത്തിനു വേണ്ടിയായിരിക്കും ത്യാഗം ചെയ്യുക എന്ന് നമുക്കുറപ്പിച്ചു പറയാവുന്നതാണ്. സുന്നത്ത് ജമാഅത്ത്കൊണ്ട് സമുദായത്തിന്ന് നേരിട്ട അധ:പതനത്തേയും ഖുർആൻ സുന്നത്ത്മുഖേന സമുദായത്തിന്നുണ്ടായേക്കാവുന്ന നേട്ടങ്ങളെയും കുറിച്ച് ബോധവാന്മാരാകുമ്പോൾ വിശേഷിച്ചും.



ഏതായാലും ഖുർആൻ വലിച്ചെറിഞ്ഞ സുന്നത്ത്ജമാഅത്ത്കാരുടെ സകല അനീതികളേയും അനാചാരങ്ങളേയും ഖുർആന്റെ വെളിച്ചത്തിൽ തൊലിയുരിച്ചു കാണിക്കുവാൻ അതിന്ന് വേണ്ടി രാപ്പകലില്ലാതെ ജിഹാദ്ചെയ്യാനും ഈയുള്ളവനെപ്പോഴും തയ്യാറാണെന്നുണർത്തിക്കൊണ്ട് ഈ 13-ാമത്തെ കൃതിയും സമുദായസമക്ഷം സമർപ്പിക്കുന്നു.

സകലസ്തുതിയും അല്ലാഹുവിന്ന്

# നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലലെങ്ങിനെ ?

നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതിനെപ്പറ്റി ഖുർആന്റെ അടിസ്ഥാനത്തിൽ വിശദമായൊരു വിവരണം ആവശ്യമായിരിക്കുന്നു. കാരണം :- ഖുർആൻ സുന്നത്തിന്റെ ഒരുറച്ച വക്താവായ ഈയുള്ളവന്റെ ഒറ്റഗ്രന്ഥത്തിലും നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലാറില്ല. സുന്നത്ത് ജമാഅത്ത്കാരുടെ സകല ഗ്രന്ഥങ്ങളിലും അത് രണ്ടും സ്ഥിരമായി ചൊല്ലാറുണ്ട്താനും. അപ്പോൾ വായനക്കാർക്കിടയിൽ സ്വാഭാവികമായും അതൊരു പ്രശ്നമാവാതിരിക്കില്ലല്ലോ. മാത്രമല്ല, നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലാതിരിക്കൽ ഒരു യഥാർത്ഥ മുസ്ലിമിന്റെ ലക്ഷണമല്ലെന്ന് വരെ ലോകപുരോഹിതന്മാർ നമ്മുടെ സമുദായത്തെ പഠിപ്പിച്ചിരിക്കുന്നു.അഥവാ നബിയോട് കൂറും ബഹുമാനവും ഇല്ലെന്നതിന്റെ തെളിവാണതെന്നാണ് സമുദായത്തെ അവർ തെറ്റിദ്ധരിപ്പിച്ചരിക്കുന്നത്. അതിനാൽ സ്വലാത്തും സലാമും ചൊല്ലുന്നതിനെപറ്റി, ഖുർആനെന്ത് പറയുന്നുവെന്ന് വ്യക്തമാക്കൽ വളരെ നിർബന്ധമുള്ളകാര്യമാണ്.

നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലാൻ ഖുർആൻ കൽപിച്ചിട്ടുണ്ടെന്നും അതിനാൽ നബിയുടെ പേരു പറയുമ്പോഴും കേൾക്കുമ്പോഴുമെല്ലാം അത് ചൊല്ലിക്കൊണ്ടിരിക്കണമെന്നും ; മാത്രമല്ല, എല്ലാ നമസ്ക്കാരത്തിലും അത് ചൊല്ലൽ നിർബന്ധമാണെന്നുമൊക്കെയാണ് ശാഫീ, ഹമ്പലീ മദ്ഹബുകാരുടെയും മറ്റുംവാദം. നമസ്കാരത്തിലത് നിർബന്ധമല്ലെങ്കിലും പ്രധാനപ്പെട്ട സുന്നത്താണെന്ന്

പറയാതിരിക്കാൻ നിർവ്വാഹമില്ലെന്നാണ് മാലിക്കികളുടെയും ഹനഫികളുടെയും മദ്ഹബ്. എന്നാൽ ഖുർആനിൽ ഒരേഒരു സ്ഥലത്ത് മാത്രം പറഞ്ഞ സ്വലാത്തും സലാമും നിർബ്ബന്ധമാണെന്നോ പ്രധാന സുന്നത്തെങ്കിലുമാണെന്നോ ഒക്കെ തീരുമാനിച്ച മദ്ഹബ് പുരോഹിതന്മാർ, ഖുർആനിൽ 19 തവണ ആവർത്തിച്ചു കൽപിച്ച തസ്ബീഹിനെപ്പറ്റി അത് നിർബ്ബന്ധമാണെന്നോ പ്രധാന സുന്നത്താണെന്നോ പറയാൻ ഇന്നേവരെ തയ്യാറായിട്ടില്ല. അതവരുടെ ധിക്കാരവും ഖുർആൻ നിഷേധവുമാണെന്നാണ് ഖുർആൻസുന്നത്തുകാരായ നമ്മുടെ വാദം. കാരണം : അല്ലാഹുവിന്ന് തസ്ബീഹ് ചൊല്ലണമെന്ന് 18 തവണ കൽപിച്ചതിന്ന് പുറമെ 19-ാമത്തെ തവണ തസ്ബീഹ് നമസ്ക്കാരത്തിൽതന്നെ (അത്തഹിയ്യാത്തിന്റെ സ്ഥാനത്ത്) ആവണമെന്ന് 50:40ൽ ഖുർആൻ പ്രത്യേകം കൽപിച്ചിട്ടും ആ കൽപനകളൊന്നും അണുവോളം മാനിക്കാത്ത പുരോഹിതന്മാർ, നബിയുടെ പേരിൽ സ്വലാത്തും സലാമും വേണമെന്ന് ഖുർആനിലൊരിടത്ത് കണ്ടപ്പോഴേക്കും അതിന്റെ ഉദ്ദേശമെന്തെന്ന്പോലും ശരിക്ക് മനസ്സിലാക്കാതെ അത് വളരെ പ്രധാനപ്പെട്ടതാണെന്നും ഒറ്റ നമസ്ക്കാരത്തിലും അതൊഴിവാക്കാൻ പാടില്ലെന്നുമൊക്കെ തറപ്പിച്ചുപറയുന്നുവെങ്കിൽ അതവരുടെ ധിക്കാരമല്ലാതെ മറ്റെന്താണ് ? അപ്പോൾ അവർക്കതിലെന്തോ ഒരു ദുരദ്ദേശമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്ത് കൊണ്ടെന്നാൽ: അല്ലാഹുവിന്ന് തസ്ബീഹ് ചൊല്ലൽ ഒറ്റ നമസ്കാരത്തിലും നിർബന്ധമില്ലെന്നും, അതേ സമയം നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലൽ സകല നമസ്കാരത്തിലും (അത്തഹിയ്യാത്തിൽ) നിർബന്ധമാണെന്നും മാത്രമല്ല,നബിയുടെ പേര് പറയുമ്പോഴും കേൾക്കുമ്പോഴുമൊക്കെ, അത് രണ്ടും ആവർത്തിച്ചുകൊണ്ടിക്കണമെന്നും എന്നാൽ അല്ലാഹുവിന്റെ പേര് പറയുമ്പോഴോ, കേൾക്കുമ്പോഴോ ഖുർആൻ കൽപിച്ച തസ്ബീഹോ, ഹംദോ ആവർത്തിക്കേണ്ടതില്ലെന്നുമെല്ലാം ഈ പരോഹിതവർഗ്ഗം ഏകകണ്ഠമായി തീരുമാനിച്ചപ്പോൾ അവർക്കതിൽ ദുരുദ്ദേശമില്ലെന്ന് പറയാൻ ബുദ്ധിയുള്ള ആർക്കാണ് സാധ്യമാവുക? അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ പേരായ ഖുർആൻ എന്ന പരിശുദ്ധ നാമം വലിച്ചെറിഞ്ഞുകൊണ്ട് “സുന്നത്ത് ജമാഅത്ത്” “അഹ്ലുൽ ഹദീസ്” മുതലായ ജൂതനാമങ്ങൾ സ്വീകരിച്ചതിൽ പുരോഹിതവർഗ്ഗത്തിനുണ്ടായിരുന്ന അതേ ദുരുദ്ദേശം അല്ലാഹുവിന്ന് തസ്ബീഹ് ചൊല്ലൽ നിർബന്ധമാക്കാതിരുന്നതിലും നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലൽ നിർബന്ധമാക്കിയതിലുമുണ്ടെന്നാണ് ഖുർആൻ വിശ്വാസികളായ നമുക്ക് തീർത്തും പറയുവാനുള്ളത്. ആ ദുരുദ്ദേശമെന്തന്നല്ലേ? അല്ലാഹുവിനോടും അല്ലാഹുവുന്റെ വചനങ്ങളോടുമുള്ളതിനേക്കാൾ കൂറും,



ഭക്തിയും, ബഹുമാനവുമെല്ലാം നബിയോടും നബിയുടെ വചനങ്ങളോടുമുണ്ടാകണമെന്ന അതിനീചമായ ദുരുദ്ദേശം തന്നെ. ആയിരത്തിലേറെ വർഷങ്ങളായി സകല സുന്നത്ത് ജമാഅത്ത്കാരിലും അഹ്ലുൽഹദീസുകാരിലും കണ്ടുവരുന്ന ഏറ്റവും ദുഷിച്ച ഒരനിസ്ലാമിക പ്രവണതയാണിത്. “ഏതൊരു ഖുർആൻ വ്യാഖ്യാനം തെളിഞ്ഞുകിട്ടിയാലും അതെന്റെ മദ്ഹബാണെ”ന്ന് മരണം വരെ പറയാത്ത ശാഫി, “ഏതൊരു നബിവചനം തെളിഞ്ഞുകിട്ടിയാലും അതെന്റെ മദ്ഹബാണെ”ന്ന് ആവർത്തിച്ചുപറയാനുണ്ടായ കാരണമതാണ്. അതേപോലെ താൻ പ്രമാണമാക്കിയ ഏതെങ്കിലുമൊരു ഹദീസ് കള്ളമാണെന്ന് തെളിഞ്ഞാൽ പിന്നെ അതെന്റെ മദ്ഹബാക്കരുതെന്ന് ശാഫി പറയാതിരുന്നതിന്റെ കാരണവും മറ്റൊന്നല്ല. സുന്നത്ത് ജമാഅത്തിന്റെ ഇമാമായ ശാഫിയിലും മറ്റും കാണപ്പെടുന്ന അതേ ഖുർആൻ നിഷേധവും ഹദീസ് പൂജയും ഇന്നത്തെ സുന്നികളിലും ധാരാളമായി കാണപ്പെടുന്നുണ്ടെന്നത് ഒരു നഗ്നയാഥാർത്ഥ്യം മാത്രമാണ്. അതെങ്ങനെ എന്നല്ലേ: ഏതെങ്കിലുമൊരു കാര്യത്തെപറ്റി, വി:;ഖുർആനിൽ ഇന്നതുണ്ടെന്നു പറഞ്ഞാൽ അതണുവോളം വിലവെക്കാത്ത സുന്നികളോട് ബുഖാരിമുസ്ലീമിന്റെ ഹദീസിൽ ഇന്നതുണ്ടെന്ന് പറഞ്ഞാൽ ഉടനെ അവരത് മാനിക്കാനും സ്വീകരിക്കാനും തയ്യാറാണ്. ഖുർആനിക നിയമങ്ങൾ തള്ളിക്കളയാൻ ധൈര്യം കാണിക്കാറുള്ള ആ പുരോഹിതപ്പരിഷകൾ “നബിവചനങ്ങൾ” തള്ളിക്കളയാൻ അത്രധൈര്യം കാണിക്കാറില്ലെന്ന് താൽപര്യം. നമ്മൾ സുന്നികളെന്ന് പറയുന്നത്കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത് മുജാഹിദ് ജമാഅത്ത് മൌലവിമാരെയാണെന്ന് പ്രത്യേകം ഓർമ്മിക്കുക. കാരണമെന്തന്നല്ലേ: ബുഖാരിമുസ്ലീമിന്റേയും മറ്റും ഹദീസുകൾ മുറുകെ പിടിക്കണമെന്ന ശക്തിയായ വാദക്കാർ അവരായതുകൊണ്ടുതന്നെ.

●●●

# സ്വലാത്തും സലാമും ചൊല്ലണമെന്ന് ഖുർആനിലുണ്ടോ?

ഉണ്ടെന്നാണ് സുന്നത്ത് ജമാഅത്തിലേയും അഹ്‌ലുൽ ഹദീസിലേയും സകല പുരോഹിതൻമാരുടേയും വാദം. അങ്ങിനെയൊരു കൽപന ഖുർആനിലെവിടെയുമില്ലെന്ന് ഖുർആൻ സുന്നത്ത്കാരായ നമ്മളും വാദിക്കുന്നു. അതിനാൽ ആർ പറയുന്നതാണ് സത്യമെന്ന് ഖുർആൻ മുന്നിൽ വെച്ചുകൊണ്ട് നമുക്ക് പരിശോധിക്കാം.

# ലോകപുരോഹിതൻമാർ ഏകകണ്ഠമായി ചെയ്ത ഖുർആൻ ദുർവ്യഖ്യാനം.

നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലണമെന്നതിന്ന് ലോകപുരോഹിതന്മാർ പ്രമാണമാക്കാറുള്ള ഏകവാക്യം ഖു: 33ലെ 56ാം സൂക്തമാണ്. "യാഅയ്യുഹല്ലദീന - ആമനു - സ്വല്ലു - അലൈഹി - വസല്ലിമു - തസ്ലീമാ"എന്നാണത്. "സത്യവിശ്വാസികളെ ! നിങ്ങൾ നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുക"എന്നാണ് സകല പുരോഹിതന്മാരും അതിനർത്ഥം പറയാറുള്ളത്. പ്രസ്തുത അർത്ഥം തികച്ചും തെറ്റാണെന്നും മേൽആയത്തിന്നാ അർത്ഥം പറയാൻ പാടില്ലെന്നുമാണ് ഖുർആൻ സുന്നത്തുകാരായ നമ്മുടെ അടിയുറച്ചവാദം. എന്ത്കൊണ്ടെന്നാൽ : മേൽആയത്തിന്റെ തുടക്കത്തിൽതന്നെ സ്വലാത്തുകൊണ്ടുള്ള ഉദ്ദേശമിന്നതാണെന്ന് വ്യക്തമാക്കുന്ന മറ്റൊരു വാക്യമുണ്ട്. "ഇന്നല്ലാഹ - വമലാഇകത്തഹൂ - യുസ്വല്ലുന - അലന്നബിയ്യി" എന്നതാണ്. അതിന്റെ ഒരേഒരർത്ഥം: "അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് സ്വലാത്ത് ചെയ്യുന്നു" എന്ന് മാത്രമാണ്. അല്ലാതെ, സ്വലാത്ത് ചൊല്ലുക എന്നതിന്റെ അർത്ഥം പ്രാർത്ഥിക്കുക എന്ന് മാത്രമാണല്ലോ. അപ്പോൾ നബിയുടെപേരിൽ അല്ലാഹു സ്വലാത്ത് ചൊല്ലാറുണ്ടെന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ മേലെ മറ്റൊരു ദൈവമുണ്ടെന്ന് വരും."സുബ്ഹാനറ



ബ്ബിക്ക്"എന്ന് പ്രാർത്ഥിക്കുന്നതിലുള്ള അപകടംപോലെ. അതിനാൽ മേൽആയത്തിന്ന് അല്ലാഹു നബിയെ അനുഗ്രഹിക്കുന്നുണ്ടെന്ന് മാത്രമാണർത്ഥം പറയേണ്ടത്. എല്ലാ പുരോഹിതന്മാരും അവിടെ അത് സമ്മതിച്ചിട്ടുമുണ്ട്. പക്ഷേ ആയത്തിന്റെ തുടക്കത്തിൽ സമ്മതിച്ച പ്രസ്തുത അർത്ഥം അവസാനമാകുമ്പോഴേക്കും അട്ടിമറിക്കുകയാണവർ ചെയ്യുന്നത്. അതായത് : അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് കരുണ ചെയ്യുന്നുണ്ടെന്നും അതിനാൽ നിങ്ങളും നബിക്ക് കരുണ ചെയ്യണമെന്നും അർത്ഥം പറയേണ്ട സ്ഥാനത്ത് "അല്ലാഹും അവന്റെ മലക്കുകളും നബിക്ക് കരുണ ചെയ്യുന്നുണ്ടെന്നും അതിനാൽ നിങ്ങളും നബിക്കുവേണ്ടി പ്രാർത്ഥിക്കണെ"മെന്നുമാണവർ അർത്ഥം പറയുന്നത്. ഇതൊരു തല തിരിഞ്ഞ സാഹിത്യമാണെന്നതിൽ സംശയമില്ലല്ലോ. അതിനാൽ ആ സാഹിത്യം ഖുർആൻ വ്യാഖ്യാനത്തിൽ പറയാൻ പാടുള്ളതല്ല. അല്ലാഹുവിനെയും മലക്കുകളേയും ആദ്യം മാതൃകയാക്കിപറയാതെ, വെറും "സ്വല്ലൂ - അലന്നബിയ്യി"എന്ന് മാത്രമേ പറഞ്ഞിരുന്നുള്ളുവെങ്കിൽ നബിക്ക് വേണ്ടി പ്രാർത്ഥിക്കു എന്നർത്ഥം പറയുന്നതിൽ തെറ്റില്ലായിരുന്നു. പക്ഷം, ഖുർആൻ പറഞ്ഞതങ്ങനെയല്ലല്ലോ. അല്ലാഹുവിനെയും മലക്കുകളേയും ആദ്യം മാതൃകയാക്കി പറഞ്ഞ ശേഷം അതേശൈലിയിൽ തന്നെ മുസ്ലിംകളോട് കൽപ്പിക്കുകയാണ് ഖുർആൻ ചെയ്തത്. അതിനാൽ ആദ്യം പറഞ്ഞ അർത്ഥമല്ലാതെ, മറ്റൊരർത്ഥം അവിടെ മാറ്റിപ്പറയുന്നത് വ്യക്തമായ ദുർവ്യാഖ്യാനമാണ്. ഏതൊരു സാഹിത്യത്തിലും അതനുവദനീയവുമല്ല.

ചുരുക്കത്തിൽ ഖു:33 56-ൽ കൽപിച്ച ആ സ്വലാത്ത്, "ചൊല്ലാനുള്ളത"ല്ലെന്നും അത് "ചെയ്യാനുള്ള" താണെന്നും തീർച്ചയായി. നബി ജിവിച്ചിരിക്കുന്ന കാലത്ത് സഹാബിമാരെല്ലാം അത് ചെയ്തിരുന്നുതാനും. സഹാബിമാർ നബിക്ക് കരുണചെയ്യണമെന്ന് പറയുന്നതിന്റെ ഉദ്ദേശം : ഒരു മനുഷ്യനായ ദൈവദൂതനായി അല്ലാഹു പരിചയപ്പെടുത്തിയ നബിക്ക് നേരിടുന്ന ഏത് ദുരിതത്തിലും കഷ്ടപ്പാടിലും നബിയെ സഹായിക്കണമെ ന്ന് മാത്രമാണ്. നബിയുടെ ദുരിതപൂർണ്ണമായ ജീവിത്തിലത് ആവശ്യവുമായിരുന്നു. അതല്ലാതെ നബിക്ക് സ്വർഗ്ഗം വാങ്ങിക്കൊടുക്കാൻ മുസ്ലീകൾ മുൻകയ്യെടുക്കണമെന്നൊന്നുമല്ല അതിന്റെയർഥം. ബുദ്ധിയുള്ളവരാരും അങ്ങനെ പറയുകയുമില്ല. പുരോഹിതന്മാർക്കും ഇതൊക്കെ അറിയാമെങ്കിലും അവർ മനഃപൂർവ്വം അർത്ഥം അട്ടിമറിക്കുകയാണ് ചെയ്യുന്നത്. ഖുർആൻ വലിച്ചെറിയാനും പകരം നബിയിലും ഹദീസിലുമുള്ള വിശ്വാസം വർദ്ധിപ്പിക്കാനും അവർക്കതൊക്കെ ആവശ്യമായിരുന്നു. അവരുടെ താൽപര്യം പോലെത്തന്നെ ഖുർആൻ

ഭക്തന്മാർ സമുദായത്തിൽ കുറയുകയും ഹദീസ്ഭക്തന്മാർ വേണ്ടത്ര വർദ്ധിക്കുകയും ചെയ്തുവല്ലോ. അഹ്ലുർ ഹദീസുകാരെ എക്കാലത്തും ബഹുമാനിക്കുന്ന സമുദായം അഹ്ലുൽ ഖുർആൻകാരെ ഒരു കാലത്തും ബഹുമാനിക്കാതിരിക്കാൻ കാരണവുമതാണ്.

ഇനി ഖു:33:56ൽ നബിക്ക് സലാം ചൊല്ലാൻ പറഞ്ഞതിനെപ്പറ്റിയാണ് പ്രതിപാദിക്കുവാനുള്ളത്. നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ കൽപിച്ചത് പോലെ സലാം ചൊല്ലാനും ഖുർആൻ കൽപിച്ചിട്ടുണ്ടെന്നാണ് പുരോഹിതവർഗ്ഗം ഏകകണ്ഠമായി വാദിക്കുന്നത്. ആ വാദവും പച്ചക്കള്ളമാണെന്നും നബിയുടെ പേരിൽ സലാംചൊല്ലണമെന്ന് അവിടെ അർഥം പറയാൻ പാടില്ലെന്നുമാണ് നമ്മുടെ ശക്തിയായ വാദം. അതിന്റെ തെളിവ് കാണുക. 33:56ൽ ''വസല്ലിമുതസ് ലീമാ'' എന്ന് പറഞ്ഞതിന്ന് ''നബിയുടെ വിധികളും ഉത്തരവുകളും പൂർണ്ണമായും സമ്മതിക്കണ''മെന്ന് മാത്രമാണർത്ഥം. ഖു.4:65 അതിന്റെ വ്യകതമായ ദൃഷ്ടാന്തവുമാണ്. അതെങ്ങനെ എന്നാൽ: ഇവിടെത്തെപ്പോലെ നബിക്ക് 'തസ്ലീം' ചെയ്യണമെന്ന് തന്നെയാണവിടെയും പറഞ്ഞിരിക്കുന്നത്. നബിയുടെ വിധികളും ഉത്തരവുകളും സമ്മതിച്ചു പ്രവർത്തിക്കണമെന്നല്ലാതെ, സലാം ചൊല്ലണമെന്ന അർത്ഥം അവിടെ ഒറ്റ പുരോഹിതനും പറഞ്ഞിട്ടില്ല. എന്നിരിക്കെ അതേ ധാതുവിലും സ്വരത്തിലും ഒത്തപദത്തിന്ന് ഇവിടെ അവർ അട്ടിമറിച്ചർത്ഥം പറഞ്ഞാൽ ഒറ്റ ഖുർആൻ വിശ്വാസിക്കും അതംഗീകരിക്കാൻ സാധ്യമല്ല. സലാം ചൊല്ലുക എന്നിവിടെ അർത്ഥം കൽപിക്കണമെങ്കിൽ ''സല്ലിമൂതസ്ലീമാ'' എന്നതിന്ന് പകരം ''സല്ലിമൂ സലാമാ'' എന്ന് തന്നെ പറയേണ്ടിയിരുന്നു. പക്ഷേ ഖുർആനതൊരിക്കലും പറഞ്ഞിട്ടില്ല. ''തസ് ലീം'' എന്നതിനെ ''സമ്മതിച്ചുകൊടുക്കു'' എന്ന അർത്ഥത്തിൽ മാത്രമാണ് 33:22ലും ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. അങ്ങനെയല്ലാതെ, സലാംചൊല്ലുക എന്ന അർത്ഥത്തിൽ ഖുർആനതിനെ ഒരിടത്തും പ്രയോഗിച്ചിട്ടേയില്ല. ശരിയായ അറബിസാഹിത്യത്തിൽ അത് കണ്ടെത്താവുന്നതുമല്ല. ഖുർആനും അറബിസാഹിത്യവും നന്നായി പഠിച്ചവർക്കൊക്കെ അറിയാവുന്ന വസ്തുതകളാണിതെല്ലാം. എന്നിട്ടും സുന്നീപരോഹിതന്മാർ അതെല്ലാം മൂടിവെച്ചതും അർത്ഥം അട്ടിമറിച്ചതുമൊക്കെ അവരുടെ വിവരക്കേട് കൊണ്ടല്ലെങ്കിൽ തനി കപടത്തരം കൊണ്ടാണെന്നല്ലാതെ പറയാൻ നിവൃത്തിയില്ല.

**മറ്റൊരു തെളിവുംകൂടി** :- സ്വലാത്തിനെ പറ്റി പറഞ്ഞപ്പോൾ അല്ലാഹുവിനെ മാതൃകയാക്കി പറഞ്ഞ ഖുർആൻ തസ്ലീമിന്റെ കാര്യത്തിൽ അതൊഴിവാക്കുകയാണല്ലോ ചെയ്തത്. തസ്ലീം എന്നതുകൊണ്ടുള്ള വിവക്ഷ സലാം ചൊല്ല



ലായിരുന്നുവെങ്കിൽ അതൊരിക്കലും ഒഴിവാക്കുമായിരുന്നില്ല. കാരണം നബിക്കും മറ്റു പ്രവാചകന്മാർക്കുമെല്ലാം അല്ലാഹു സലാം ചൊല്ലിയതായി (പ്രാർത്ഥനയല്ലാത്ത അഭിവാദ്യം പറഞ്ഞതായി) ഖുർആനിൽ തന്നെയുള്ളതാണ്. എന്നിരിക്കുമ്പോൾ അല്ലാഹു സ്വലാത്ത് ചെയ്യുകയും സലാം ചൊല്ലുകയും ചെയ്യുന്നുണ്ടെന്നും അതിനാൽ നിങ്ങളും സ്വലാത്തും സലാമും പതിവാക്കണമെന്നുമാണ് സ്വാഭാവികമായും പറയേണ്ടത്. പക്ഷേ, ഖുർആനങ്ങനെ പറഞ്ഞില്ല. പിന്നെയോ: അല്ലാഹു സ്വലാത്ത് ചെയ്യുന്നുണ്ടെന്ന് പറഞ്ഞു. പിന്നീട് (അല്ലാഹുവിന്നും ചെയ്യാൻ പറ്റാത്ത ഒരു പണി) 'തസ്ലീം' (നബിയുടെ വിധികളൊക്കെ സമ്മതിച്ചു പ്രവർത്തിക്കുക) എന്നത് നിങ്ങൾ (കൂടുതലായി) ചെയ്യണമെന്നും കൽപിക്കുകയാണ് ഖുർആൻ ചെയ്തത്. അപ്പോൾ സലാം ചൊല്ലുക എന്ന സങ്കൽപമേ പ്രസ്തുത ആയത്തിലില്ലെന്ന് വ്യക്തം. ഇനിയും കാണുക! സലാം ചൊല്ലണമെന്നാണുദ്ദേശമെങ്കിൽ ''സല്ലിമൂ'' എന്നു മാത്രം പറഞ്ഞു ചുരുക്കാതെ, ആ ഉദ്ദേശം വ്യക്തമാക്കാൻ പറ്റിയ 'ദ്യോതക' സഹിതം 'സല്ലിമു അലൈഹി' എന്ന് തന്നെ ഖുർആൻ പറയുമായിരുന്നു. കാരണം സലാം ചൊല്ലുക എന്ന ഉദ്ദേശമുള്ളേടത്തൊന്നും അങ്ങിനെയല്ലാതെ ഖുർആൻ ഒഴിവാക്കിയതിൽ നിന്നും 'സലാമ' ല്ല, 'സമ്മതിക്കുക' എന്ന അർത്ഥത്തിലുള്ള 'തസ്ലീമാ' ണുദ്ദേശമെന്ന് വീണ്ടും വ്യക്തമായി.

ചുരുക്കത്തിൽ ഖുർആൻ കൽപിച്ച സ്വലാത്തും തസ്ലീമും ചൊല്ലാനുള്ളതല്ലെന്നും അത് രണ്ടും ചെയ്യാനുള്ളതാണെന്നുമുള്ളതിന്ന് ഇത്രയും വ്യക്തമായ തെളിവുകൾ അതേ സൂക്തത്തിൽ തന്നെയുണ്ടായിരുന്നിട്ടും അതൊന്നും ഇക്കാലംവരെ പഠിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ അബൂഹുറയ്റാ കമ്പനിക്കാർ കെട്ടിച്ചമച്ച ഖുർആൻ വിരുദ്ധവും സാഹിത്യ വിരുദ്ധവുമായ വ്യാജവ്യാഖ്യാനം മാത്രം സുന്നീ പരോഹിതന്മാർ ഏകകണ്ഠമായി പ്രചാരപ്പെടുത്തിയെങ്കിൽ അവരേക്കാൾ വലിയ ഖുർആൻ ദുർവ്യാഖ്യാനക്കാർ ലോകത്തുണ്ടോ ? എന്നാണ് നമുക്ക് ചോദിക്കാനുള്ളത്. കേവലം അർത്ഥശൂന്യവും അനാചാരവുമായ ഒരു സ്വലാത്തും സലാമും സകല ആരാധനകളിലും അനവസരങ്ങളിലും (നബിയുടെ പേര് പറയുമ്പോഴും കേൾക്കുമ്പോഴുമൊക്കെ) നടപ്പിലാക്കിയ പുരോഹിതന്മാരെപ്പറ്റി തനി അനാചാര മൂർത്തികളെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. കാരണം ! 19 തവണ ഖുർആൻ കല്പിച്ച തസ്ബീഹിനെ ഇന്നേവരെ വിലവെക്കാത്ത പുരോഹിതന്മാരാണ് ഒരു തവണമാത്രം പറഞ്ഞ ''സ്വലാത്തി''നേയും 'സലാമിനേ' യും അമിതമായി വിലവെക്കാനും പർവ്വതീകരിക്കാനും സകല പ്രാർത്ഥനകളിലും ആദ്യന്തം അത് കുത്തിത്തിരുകാനുമൊക്കെ ഒരുമ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്ന് തസ്ബീഹ് ചൊല്ലണമെന്ന് ഖുർആ

നിന്റെ ആവർത്തിച്ചുള്ള കൽപന നമസ്കാരത്തിൽ പോലും അവർ നിർബ്ബന്ധമാക്കിയില്ലെന്ന് മാത്രമല്ല, സകല പ്രാർത്ഥനകളിലും ഒരപകടം പിടിച്ച ശൈലിയിൽ- ''സുബ്ഹാനറബ്ബിക്ക'' എന്ന ശിർക്കൻ ശൈലിയിൽ - മാത്രമെ അത് നടപ്പിലാക്കാവൂ എന്ന് തീരുമാനിക്കുക കൂടിചെയ്തു. നമുക്ക് പ്രാർത്ഥിക്കാൻ പറ്റിയ 4 തരം തസ്ബീഹ് ഖുർആൻ പഠിപ്പിച്ചുതന്നിട്ടും അവയിലൊന്ന് പോലും തെരഞ്ഞെടുക്കാതെയാണ് നമുക്കൊരിക്കലും പ്രാർത്ഥിക്കാൻ പറ്റാത്ത മേൽപറഞ്ഞ ''സുബ്ഹാന റബ്ബിക്ക'' എന്ന ശൈലിമാത്രം ലോകത്തൊട്ടാകെ അവർ പ്രചാരത്തിലാക്കിയത്. അല്ലാഹുവിനോടും ഖുർആനിനോടും ഈ പുരോഹിതന്മാർ അറിഞ്ഞോ അറിയാതെയോ കാണിക്കുന്ന കുഫ്റിന്റെയും ധിക്കാരത്തിന്റെയും ആഴമെത്ര എന്ന് ഇപ്പോൾ വായനക്കാർക്ക് മനസ്സിലാകുന്നുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ഖുർആൻ വലിച്ചെറിഞ്ഞു കൊണ്ട് ''സുന്നത്ത് ജമാഅത്ത്'' എന്ന കള്ളമുദ്രാവാക്യം ലോകത്തൊട്ടാകെ പ്രചരിപ്പിച്ച പുരോഹിതന്മാർ ഖുർആനിനെ നിഷേധിക്കുന്നതിലോ ധിക്കരിക്കുന്നതിലോ ആരും അത്ഭുതപ്പെടേണ്ടതില്ല.

ആകയാൽ:- പതിനായിരക്കണക്കിലുള്ള കള്ള ഹദീസുകളോരോന്നും ഉദ്ധരിക്കുമ്പോഴൊക്കെ നബിയുടെ പേര് പറയണമെന്നും നബിയുടെ പേര് പറയുമ്പോഴെല്ലാം സ്വലാത്തും സലാമും ചൊല്ലണമെന്നും പറയുമ്പോൾ മാത്രമല്ല, അതാരെങ്കിലും പറയുന്നത് കേൾക്കുമ്പോഴും സ്വലാത്തും സലാമും ഉച്ചത്തിൽ ആവർത്തിക്കണമെന്നും ലോകപുരോഹിതന്മാർ ഐക്യകണ്ഠ്യേന നിയമമാക്കി, കൂടാതെ, സകല നസസ്ക്കാരത്തിലും എല്ലാ ദുആയിലും - അവരത് സാർവ്വത്രികമാക്കുകയും ചെയ്തു. പോരാ! സ്വലാത്ത് മൗലുദുകളും സ്വലാത്ത് മജ്ലിസികളും; സ്വലാത്ത് ജാഥകളും ലോകത്തൊട്ടാകെ അവർ പ്രചാരത്തിലാക്കി. ലോകത്തിലെ ലക്ഷക്കണക്കിലുള്ള മദ്രസ്സകളിലും വയള് സദസ്സുകളിലും സംഘടിതമായ കൂട്ട സ്വലാത്ത് ഒരു നിത്യാരാധനയായി അവർ നിലനിർത്തിപ്പോന്നു. വാസ്തവത്തിൽ നബിയുടെ പേര് പലതരത്തിലായി 215 സ്ഥലത്ത് ഖുർആൻ ആവർത്തിച്ചിട്ടും ഒറ്റ സ്ഥലത്തെങ്കിലും സ്വലാത്ത് ചൊല്ലി, മാതൃക കാട്ടിത്തന്നില്ല. ഖുർആനിൽ ഒരിടത്തെങ്കിലും അങ്ങനെ ചൊല്ലാൻ കൽപിച്ചതുമില്ല. എന്നിട്ടാണത്രെ! ലോക മുസ്ലീം ജനകോടികളെക്കൊണ്ട് ഈ പുരോഹിതവർഗ്ഗം കോടാനുകോടി സ്വലാത്ത് ദിനം പ്രതി ചൊല്ലിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഇതിലപ്പുറം അനാചാരം വേറെ വല്ലതുമുണ്ടോ ? ഇവരുടെ ധിക്കാരത്തിന്റെ മറ്റൊരു വശവും കൂടികാണുക.

● ● ●



# നബിയെ പൂജിക്കുന്നവർ അല്ലാഹുവിനെ മാനിക്കുന്നില്ല!

ഖുർആൻ പാരായണം തുടങ്ങുമ്പോഴൊക്കെ അല്ലാഹുവിന്റെ മഹത്തായ നാമങ്ങളുൾക്കൊള്ളുന്ന അഊദും ബിസ്മിയും ചൊല്ലണമെന്ന് ഖുർആൻ ആവർത്തിച്ച് കൽപ്പിച്ചു. പിന്നീട് ബിസ്മിയുടെ മാതൃക ഖുർആൻ തന്നെ 114 സ്ഥലത്ത് കാണിച്ച് തരികയും ചെയ്തു. എന്നിട്ടും ഏറ്റവും പ്രധാനപ്പെട്ട ഖുർആൻ പാരായണമായ നമസ്ക്കാരത്തിലെ ഫാത്തിഹായിൽ പോലും ദൈവഭക്തിയുടെ പ്രതീകമായ അഊദും ബിസ്മിയും ചൊല്ലേണ്ടതില്ലെന്നും ഇനി ആരെങ്കിലും നമസ്ക്കാരത്തിലത് ചൊല്ലുകയാണെങ്കിൽ മറ്റാരും കേൾക്കാത്ത വിധത്തിലെ അത് പാടുള്ളുവെന്നും തീരുമാനിക്കുകയും മക്കാമദീനാ പള്ളികളിൽപ്പോലും ആ നിരോധനം കണിശമായി നടപ്പാക്കിപ്പോരുകയുമാണ് പുരോഹിതവർഗ്ഗം ഇക്കാലം വരെ ചെയ്തത്. മാത്രമോ? എല്ലാ നമസ്കാരത്തിലും അല്ലാഹുവിന് തസ്ബീഹ് ചൊല്ലാൻ 19 തവണ ഖുർആൻ കൽപ്പിച്ചിട്ടും മുമ്പ് പറഞ്ഞത്പോലെ ഒറ്റ നമസ്ക്കാരത്തിലും അത് നിർബന്ധമോ പ്രധാന സുന്നത്തെങ്കിലുമോ അല്ലെന്നും അല്ലാഹുവിന്റെ പേര് പറയുമ്പോഴോ കേൾക്കുമ്പോഴോ തസ്ബീഹോ ഹംദോ ചൊല്ലണമെന്നില്ലെന്നും അതിന്നെല്ലാം പകരമായി നബിയുടെ പേരിലുള്ള സ്വലാത്തും സലാമും (രണ്ട് വമ്പൻ അനാചാരങ്ങൾ) ലോകത്തൊട്ടാകെ പൊടിപൊടിക്കുകയാണ് വേണ്ടതെന്നുമൊക്കെയാണ് ലോകപുരോഹിതവർഗ്ഗം നമ്മുടെ സമുദായത്തെ പഠിപ്പിച്ചിരിക്കുന്നത്. അപ്പോൾ അവരേക്കാൾ വലിയ ഖുർആൻ നിഷേധികളും ദൈവധിക്കാരികളും ലോകത്തുണ്ടോ? എന്ന് വീണ്ടും ചോദിക്കാൻ തോന്നുകയാണ്. അല്ലാഹുവിനോടുള്ളതിനേക്കാൾ ഭക്തിയും ബഹുമാനവും നബിയോട് കാണിക്കുക വഴി നബിയുടെ പേരിൽ പുരോഹിതന്മാർ കെട്ടിച്ചമച്ച എല്ലാ കള്ളഹദീസുകളിലും വിശ്വാസം വർദ്ധിപ്പിക്കലും അതിലൂടെ അവരുടെ ജൂതക്കച്ചവടം അഭിവൃദ്ധിപ്പെടുത്തലും തനി ബിദ്അത്തായ സ്വലാത്തിലൂടെയും മൗലൂദിലൂടെയും അവരുടെ ഉദരപൂരണം നിലനിർത്തലുമല്ലാതെ, അല്ലാഹുവിനോടോ, ഖുർആനിനോടോ വല്ല കൂറോഭക്തിയോ അവർക്കൊരിക്കലുമില്ലെന്നത് തീർച്ചയാണ്. അത്രക്കും വ്യക്തമായ കുഫ്റും ധിക്കാരവുമാണ് സുന്നത്ത് ജമാഅത്ത് പുരോഹിതന്മാർ ആദ്യകാലം മുതൽ ഖുർആനിനോട് കാണിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുർആൻ പഠനവും അതിന്റെ ആശയാദർശ പ്രചരണവും വർദ്ധിക്കുന്തോറും സുന്നത്ത് ജമാഅത്ത്കാർ ചെയ്ത് വെച്ച് സകല കള്ളത്തരങ്ങളും ഖുർആൻ നിഷേധവും ധിക്കാരവുമെല്ലാം മണിമണിയായി

പുറത്തുവന്നുകൊണ്ടിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ ധാരാളം ഉദാഹരണങ്ങൾ എന്റെ മുൻഗ്രന്ഥങ്ങളിലും വിശദീകരിച്ചു പോയിട്ടുണ്ട്.

## നബിയുടെ പേരിലുള്ള സ്വലാത്തിലും സലാമിലും അബുഹൂറയ്റ പഠിപ്പിച്ച ഖുർആൻ നിഷേധവും ധിക്കാരവും കാണുക!

''അള്ളാഹു നമ്മളോട് സ്വലാത്തും തസ്‌ലീമും ചെയ്യാൻ കൽപിച്ചിരിക്കുന്നു'' എന്ന് വ്യഖാനിക്കേണ്ടതിന്ന് പകരം അല്ലാഹു നമ്മളോട് സ്വലാത്തും സലാമും ചൊല്ലാൻ കൽപിച്ചിരിക്കുന്നുവെന്ന വ്യാജവും നിരർത്ഥകവുമായ വ്യാഖ്യാനമാണ് അബൂഹുറയ്റ നമ്മളെ പഠിപ്പിച്ചതെന്ന് മുമ്പ് വിവരിച്ചുവല്ലോ. ''സ്വല്ലൂ'' എന്ന ഖുർആൻ കൽപനയനുസരിച്ചാണ് അബൂഹുറയ്റ നമ്മളോട് ''അല്ലാഹുമ്മ സ്വല്ലി'' എന്ന് സകല നമസ്ക്കാരത്തിലും ചൊല്ലണമെന്ന് പഠിപ്പിച്ചത്. അൽപമെങ്കിലും ബുദ്ധി ഉപയോഗിച്ചാൽ നമുക്ക് ഗ്രഹിക്കാൻ കഴിയും, അപ്പറയുന്നത് അല്ലാഹുവിനെ ധിക്കരിക്കലും അവഹേളിക്കലുമാണെന്ന്. അതെങ്ങനെ എന്നാൽ ഏതൊരു വ്യക്തിയും അയാളുടെ കീഴിലുള്ള ഒരാളോട് ഏതെങ്കിലുമൊരു കാര്യം ചെയ്യാൻ കൽപിച്ചാൽ അതേ കൽപനാവാക്യം തന്നെ അയാൾ തിരിച്ചുപറയുന്നുവെങ്കിൽ അത് കടുത്ത ധിക്കാരവും അവഹേളനവുമാണെന്നതിൽ സംശയമില്ലല്ലോ. ബുദ്ധിയുള്ള സകലരും അത് സമ്മതിക്കുന്നതുമാണ്. ഉദാഹരണമായി :- ഒരു ജില്ലാ കലക്ടർ അയാളുടെ കീഴുദ്യോഗസ്ഥനോട് ഇന്നയാളുടെ പേരിൽ ഒരു റിക്കവറി നോട്ടീസയക്കണമെന്ന് കൽപിച്ചാൽ ആ കീഴുദ്യോഗസ്ഥൻ കലക്ടറോട് ''നിങ്ങൾ റിക്കവറി നോട്ടീസയച്ചോളു'' എന്ന് പറയുന്നത് തനി ധിക്കാരമല്ലേ ? അതേപോലെ ഒരാൾ തന്റെ ശിഷ്യനോട് നീ ഇന്നയാൾക്ക് വേണ്ട സഹായം ചെയ്ത് കൊടുക്കണമെന്ന് കൽപ്പിച്ചാൽ ആ ശിഷ്യൻ തന്റെ ഗുരുനാഥനോട് ''നിങ്ങൾ സഹായം ചെയ്ത് കൊടുത്തോളു'' എന്ന് പറയുന്നതും കേവലം ധിക്കാരമല്ലാതെ മറ്റൊന്നുമല്ലല്ലോ. ഏത് ഭാഷയിലും ഏത് സാഹിത്യത്തിലും ഇതാണ് സ്ഥിതി എന്ന് മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. എങ്കിലും അബൂഹുറയ്റ പ്രഭൃതികൾക്കിന്നേവരെ ആവക കാര്യങ്ങളൊന്നും തലയിൽ കയറിയിട്ടില്ലെന്ന് മാത്രം. 1350 വർഷം കഴിഞ്ഞിട്ടും അവരതൊന്നും പഠിക്കുന്നുമില്ല. അതായത് : നബിക്ക് സ്വലാത്ത് ചെയ്യാൻ അല്ലാഹു നമ്മളോട് കൽപിച്ചു എന്ന് നമ്മൾ സമ്മതിച്ചു. എന്നിട്ടതിന്നുത്തരമായി നമ്മൾ പറയുന്നത് : ''അല്ലാഹുവേ നബിക്ക് നീ സ്വലാത്ത് ചെയ്തോ



എന്നാണ്. അതേപോലെ നബിക്ക് സലാം ചൊല്ലാൻ അല്ലാഹു നമ്മളോട് കൽപിച്ചു എന്നാണ് അബൂഹുറയ്റ നമുക്ക് വ്യാഖ്യാനിച്ചുതന്നത്. അതിന്നുത്തരമായി നമ്മൾ പറയുന്നതോ : '' അല്ലാഹുമ്മസല്ലിം,'' - അല്ലാഹുവേ നീ സലാം ചൊല്ലിക്കോ എന്നാണ്. ഇനി ഖുർആൻ പറഞ്ഞ ''സല്ലിമു'' എന്ന പദത്തിന്ന് ''നിങ്ങൾ നബിക്ക് വഴിപ്പെട്ടോളു'' എന്ന ശരിയായ അർത്ഥം തന്നെയാണ് കൽപിക്കുന്നതെന്ന് വെക്കുക. എങ്കിൽ അതിനുത്തരമായി ''അല്ലാഹുമ്മ സല്ലിം'' എന്ന് പറഞ്ഞാൽ അല്ലാഹുവേ നീ നബിക്ക് വഴിപ്പെട്ടോളു എന്നാണർത്ഥം വരിക. ഇതിലപ്പുറം കുഫ്റും ധിക്കാരവും വേറെവല്ലതുമുണ്ടോ ? പക്ഷെ, എന്ത് ചെയ്യാം ; അബൂഹുറയ്റ എന്ന ആ ജൂതവിഗ്രഹത്തെ ഹൃദയത്തിൽ പൂജിച്ചുകൊണ്ടിരിക്കുന്ന ഒറ്റ മനുഷ്യന്നും ഇന്നേവരെ അതൊന്നും തലയിൽ കയറിയിട്ടില്ല. കയറിയിരുന്നുവെങ്കിൽ ഏതെങ്കിലുമൊരു പണ്ഡിതൻ അക്കാര്യത്തെ പറ്റി ചിന്തിക്കുകയോ ശ്രദ്ധിക്കുകയോ അതല്ലെങ്കിൽ ഒരു സംശയമെങ്കിലും ഉന്നയിക്കുകയോ ചെയ്യുമായിരുന്നില്ലേ? അപ്പോൾ അബൂഹുറയ്റയുടെ കാലംതൊട്ടിന്നേവരെയുള്ള ലോക സുന്നികളിൽ ഒരാളെങ്കിലും ഇത്രയും വ്യക്തമായ ഖുർആൻ നിഷേധത്തേയും ദൈവധിക്കാരത്തെയും പറ്റി ചിന്തിച്ചിട്ടില്ലെന്ന് ചുരുക്കം. ഇതൊക്കെ ലോകമഹാൽഭുതങ്ങളിൽപെട്ടതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അല്ലാഹുവിന്റെ നേർക്ക് കൈരണ്ടും നീട്ടികൊണ്ട് ''സുബ്ഹാനറബ്ബിക്ക'': ''നിന്റെ നാഥൻ പരിശുദ്ധനാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.'' എന്ന തനികൂഫ്റ് പ്രയോഗം ആയിരത്തിലേറെ വർഷമായി സകല പ്രാർത്ഥനയിലും തുന്നിച്ചേർത്തു പോന്ന - ഇക്കാലംവരെ ആ കുഫ്റിനെപ്പറ്റി ഒരു സംശയമെങ്കിലും തോന്നാത്ത ലോക വിഡ്ഢികളായ ലോകപുരോഹിതന്മാർ (സുന്നീ - മുജാഹിദ് - ജമാഅത്തു മൗലവിമാർ) സ്വലാത്തിലും സലാമിലും അബൂഹുറയ്റ കടത്തികൂട്ടിയ ജൂതത്തരത്തേയും ധിക്കാരത്തെയുംപറ്റി ചിന്തിക്കാതെപോയെങ്കിൽ അതിലെന്താണൽഭുതപ്പെടാനുള്ളത്.

\- - - - - - - -

## അബൂഹുറയ്റാ കമ്പനിയുടെ ഖുർആൻ ധിക്കാരത്തിന്റെ ആഴം കാണുക.

''സ്വല്ലൂ അലന്നബിയ്യി'' എന്ന ഖുർആൻ വാക്യത്തിന്ന് നബിയുടെ ഗുണത്തിന്ന് വേണ്ടി പ്രാർത്ഥിക്കുക എന്നാണർത്ഥം കൽപിക്കുന്നതെങ്കിൽ 'അല്ലാഹുമ്മർഹംനബിയ്യനാ':- 'അല്ലാഹുവേ! ഞങ്ങളുടെ നബിക്ക് നീ കരുണചെയ്യേണമേ' അല്ലെങ്കിൽ 'അല്ലാഹുമ്മൻ സുർ റസൂലനാ'- അല്ലാഹുവേ! ഞങ്ങളുടെ

റസൂലിനെ നീ സഹായിക്കേണമേ എന്നിങ്ങനെയെല്ലാമാണ് പ്രാർത്ഥിക്കേണ്ടത്.
എങ്കിൽ അതിലെന്തെങ്കിലും ധിക്കാരമുണ്ടെന്നോ അല്ലാഹുവിനെയോ നബിയെയോ
അവഹേളിക്കലുണ്ടെന്നോ മറ്റോ ബുദ്ധിയുള്ള ഒരാൾക്കും ആരോപിക്കാനാവുകയു
മില്ല. പക്ഷെ അബൂഹുറയ്റാ പ്രഭൃതികളായ മതപുരോഹിതന്മാർ - മദ്ധ്യനൂറ്റാണ്ടു
കളിൽ അൽ അസ്ഹർ സർവ്വകലാശാലയിലും മറ്റും നുഴഞ്ഞുകയറിയ സിയോണി
സ്റ്റുകൾ - മുസ്ലിംകളെ പഠിപ്പിച്ചതെന്തന്നല്ലേ; നബിക്ക് വേണ്ടി മേൽപറഞ്ഞ പ്രകാ
രത്തിലൊന്നും പ്രാർത്ഥിച്ചുപോകരുതെന്നും അതൊക്കെ നബിയെ തരം താഴ്ത്ത
ലാണെന്നും അതിനാൽ നമസ്കാരത്തിലടക്കം “ അല്ലാഹുമ്മസ്വല്ലി” എന്നോ “
സ്വല്ലല്ലാഹു” എന്നോ അല്ലാതെ, അഥവാ അല്ലാഹു നമ്മളോട് പറഞ്ഞ അതേപദം
അങ്ങോട്ടും തിരിച്ചുപറഞ്ഞു കൊണ്ടല്ലാതെ, ഒറ്റ മുസ്ലീമും സ്വലാത്ത് ചൊല്ലാൻ പാടി
ല്ലെന്നുതന്നെ. വാസ്തവത്തിൽ ഇർഹം (കരുണചെയ്യേണമേ) ഉൻസുർ (സഹായി
ക്കേണമേ) എന്നിങ്ങനെയുള്ള പ്രാർത്ഥനാപദങ്ങൾ നമ്മുടെ നബിക്ക് വേണ്ടിയും
മറ്റു പ്രവാചകന്മാർക്ക് വേണ്ടിയും ഖുർആനിൽ ധാരാളം പ്രയോഗിച്ചതാണ്. അതേ
സമയം ‘ അല്ലാഹുമ്മസ്വല്ലി’ (അല്ലാഹുവേ നീ സ്വലാത്ത് ചൊല്ലിക്കോ) അല്ലെങ്കിൽ
‘സ്വല്ലല്ലാഹു’ (അല്ലാഹുവേ നി സ്വലാത്ത് ചൊല്ലിക്കൊള്ളട്ടെ) എന്നിങ്ങനെയുള്ള
പ്രയോഗം ഖുർആനിലൊരിടത്തുമില്ലാത്തതുമാണ്. എന്നിട്ടും ഖുർആനെ മാതൃക
യാക്കി ഒരാളും അങ്ങനെ പറയരുതെന്നും ഖുർആനെ ധിക്കരിക്കും വിധത്തിലാണ്
സകലരും പ്രാർത്ഥിക്കേണ്ടതെന്നുമാണ് തുഹ്ഫ, മുഗ്നീ, നിഹായ പോലുള്ള സിയോ
ണിസ്റ്റ് ഗ്രന്ഥങ്ങളിലൂടെ അബൂഹുറയ്റ പ്രഭൃതികളായ ലോക സിയോണിസ്റ്റുകൾ
മുസ്ലിം സമുദായത്തെ മുഴുവൻ പഠിപ്പിച്ചത്. അവരുടെ ആ ഖുർആൻ നിഷേധ
ത്തെയും ദൈവധിക്കാരത്തേയും പറ്റി - അഥവാ മുസ്ലിംകളുടെ മേൽ ജൂത പ്രാർത്ഥ
നയായ ആമീൻ അടിച്ചേൽപ്പിച്ചതിനെപറ്റി - ലോകസുന്നത്ത് ജമാഅത്തിലെ ഒറ്റ
പണ്ഡിതനും ഇന്നേവരെ ചിന്തിക്കുകയോ ഒരു സംശയമെങ്കിലും രേഖപ്പെടുത്തു
കയോ ചെയ്തില്ല. എന്നിരിക്കുമ്പോൾ അവരുടെ ബുദ്ധിശൂന്യതയേയും ഖുർആ
നിൽ അവർക്കുള്ള അജ്ഞതയേയും കുറിച്ച് ദുഃഖിക്കുകയും പരിതപിക്കുകയുമ
ല്ലാതെ മറ്റെന്താണ് നാം ചെയ്യുക. അബൂഹുറയ്റ എന്ന “ ഏകമഹാനാ” ണ്
മുസ്ലിം സമുദായത്തിന്ന് മതാചാരങ്ങളെല്ലാം പഠിപ്പിക്കാൻവേണ്ടി അല്ലാഹു നിയോ
ഗിച്ചയച്ച “ ലോകമഹാനെ”ന്ന് ലോകപുരോഹിതന്മാർ മുസ്ലീം സമുദായത്തെ വിശ്വസി
പ്പിച്ചതാണ്; ഖുർആൻ വിരുദ്ധവും തനി അസംബന്ധവുമായ ഇത്തരം അനാചാര
ങ്ങളിൽ നാം മുങ്ങിക്കുളിക്കാൻ കാരണമായത്.

സ്വലാത്തിലും സലാമിലും അബൂഹുറയ്റ ചെയ്ത ജുതത്തരങ്ങൾ ഇനി



യുമുണ്ട്. അത് ശേഷം വിവരിക്കാം. അതിന് മുമ്പ് അല്ലാഹുവിനെ പരിഹസി
ക്കുന്ന തരത്തിലുള്ള മറ്റുചില ആരാധനാമൊഴികൾകൂടി ഇവിടെ വിവരിക്കുന്നത്
സന്ദർഭോചിതമായിരിക്കും.

– – – – – – –

## സ്വലാത്തിലും സലാമിലുമെന്നപോലെ ബാങ്കും ഇഖാമത്തും വിളിക്കുമ്പോഴും അല്ലാഹുവിനെ പരിഹസിക്കുന്നു!

നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുമ്പോൾ അല്ലാഹുവിനെ
പരിഹസിക്കുന്ന വിധത്തിലാണത് ചൊല്ലാറുള്ളതെന്ന് മുകളിൽ സമർത്ഥിച്ചുവല്ലോ.
എന്നാൽ ജൂതമുനാഫിഖുകളായ അബൂഹുറയ്റാ കമ്പനിക്കാർ മുസ്ലിംകളെ കുര
ങ്ങുകളിപ്പിക്കുന്ന പണി അവിടം കൊണ്ടവസാനിപ്പിച്ചിട്ടില്ല. നമസ്ക്കാരത്തിലും
ഹജ്ജിലും മറ്റും അല്ലാഹുവിനെ പരിഹസിക്കാനുള്ള പലമൊഴികളും അവർ മുസ്ലിം
കളെ പഠിപ്പിച്ചിട്ടുണ്ട്. നമസ്ക്കാരത്തേയും ഹജ്ജിനേയും പറ്റി ഞാനെഴുതിയ ഗ്രന്ഥ
ങ്ങളിൽ അതേതാനും വിവരിച്ചിട്ടുമുണ്ട്. അതിന് പുറമെ ബാങ്കും ഇഖാമത്തും
വിളിക്കുമ്പോഴുള്ള രണ്ട് പരിഹാസവാക്യത്തെ പറ്റിയാണിവിടെ വിവരിക്കുന്നത്.
ബാങ്കിലും ഇഖാമത്തിലുമൊക്കെ “ഹയ്യഅലസ്സ്വ”ലാഹ് എന്ന് വിളിച്ചുപറയുന്നത്
അല്ലാഹുവിന്റെ കൽപന പ്രകാരമുള്ള വിളിയാണതെന്ന തികഞ്ഞ വിശ്വാസത്തിലാ
ണല്ലോ. പറയുന്നവർക്ക് മാത്രമല്ല കേൾക്കുന്നവർക്കും അതേ വിശ്വാസം തന്നെയാ
ണുള്ളത്. എന്നിരിക്കുമ്പോൾ ഖുർആൻ 24.52 പ്രകാരം അതിന്നുത്തരം പറയേ
ണ്ടത് “സമിഅ്നാ - വഅത്വഅ്നാ” “ഞങ്ങൾകേട്ടു. ഞങ്ങൾ അനുസരിച്ചു”
എന്ന് മാത്രമാണ്. സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിന്റെ വിളിക്കുത്തരം
നൽകേണ്ടത് അങ്ങനെയാണെന്ന് പ്രസ്തുത സൂക്തം ഊന്നിപ്പറിപ്പിക്കുന്നു. പക്ഷേ,
അബൂഹുറയാറാ മുആവിയാ കമ്പനിക്കാർ നമുക്കുത്തരം പഠിപ്പിച്ചുതന്നതെങ്ങനെ
എന്നല്ലേ “ഹയ്യഅലസ്വലാ” (നമസ്ക്കാരത്തിലേക്ക് വേഗം വരൂ) എന്ന വിളികേൾക്കു
മ്പോഴൊക്കെ “ലാഹൗല - വലാഖുവ്വത്താ - ഇല്ലാബില്ലാ ” “ഇവിടെന്നനങ്ങാൻ
,സാധ്യമല്ല. അവിടെപ്പോയി നമ,സ്ക്കരിക്കാൻ കഴിവുമില്ല. അല്ലാഹുവിനെകൊണ്ട
ല്ലാതെ ” എന്ന് പറയണമെന്നു തന്നെ. അതായത് നമസ്കരിക്കാനുള്ള കഴിവും
ശേഷിയും അല്ലാഹു പ്രദാനം ചെയ്ത് തരികയും നമസ്ക്കരിക്കാൻ തോന്നിപ്പിക്കു

കയും ചെയ്താൽ നമസ്ക്കരിച്ചുകൊള്ളാം. അല്ലാതെ വന്നാൽ അതിന്ന് യാതൊരു
സാധ്യതയുമില്ലെന്ന് സാരം. അപ്രകാരമാണത്രെ ബാങ്ക് കേട്ടാൽ ഓരോ മുസ്ലിമും
മറുപടി പറയേണ്ടത്. ഇതിലപ്പുറം ധിക്കാരം വേറെവല്ലതുമുണ്ടോ? ബാങ്കിന്റെയും
ഇഖാമത്തിന്റെയും മറ്റുവാക്യങ്ങൾ കേൾക്കുമ്പോൾ മറുപടിയൊന്നും പറഞ്ഞില്ലെ
ങ്കിലും ‘‘ഹയ്യ്അലാ’’ എന്ന് കേൾക്കുമ്പോൾ ഖുർആൻ പാരായണത്തിലേർപ്പെട്ട
വർപോലും മേൽ പ്രകാരം മറുപടി പറയൽ നിർബ്ബന്ധമാണെന്നാണ് സുന്നീപള്ളി
കളിൽ പൊതുവെ പഠിപ്പിച്ചു പോരുന്ന ‘‘ഇർശാദ്’’ എന്ന ജൂത ഗ്രന്ഥത്തിലെ (24-
ാംപേജിൽ) വ്യക്തമായെഴുതി വെച്ചിരിക്കുന്നത്. നോക്കണം ഇത്തരം അസംബന്ധ
ങ്ങളൊക്കെ സമുദായത്തിന്റെ മക്കളെ ചൊല്ലിപ്പഠിപ്പിക്കാൻ തുടങ്ങിയിട്ട് നൂറ്റാണ്ടു
കൾ കഴിഞ്ഞെങ്കിലും അവരിൽ ഒറ്റ പുരോഹിതന്നും അതിലുള്ള ജൂതത്തരം ഇന്നേ
വരെ ഗ്രഹിക്കാൻ കഴിയാതെ പോയെങ്കിൽ ഹൃദയം മുദ്രകുത്തപ്പെട്ടവരെന്നും ഗ്രന്ഥം
ചുമക്കുന്ന കഴുതകളെന്നും അല്ലാഹു അധിക്ഷേപിച്ച വർഗ്ഗത്തെ കണ്ട്പിടിക്കാൻ
നാം മറ്റെവിടെയെങ്കിലും അന്വേഷിക്കേണ്ടതുണ്ടോ ?

— - - - - - - - —

## ഇഖാമത്തിലെ ദൈവധിക്കാരം

ഇഖാമത്ത് വിളിക്കുമ്പോൾ മേൽപറഞ്ഞതിനേക്കാൾ ഗൗരവമുള്ള മറ്റൊരു
ധിക്കാരം എല്ലാവരും ഉരുവിടണമെന്നും ജൂതമുനാഫിഖുകൾ നിയമമാക്കിയിരിക്കു
ന്നു. അതെന്തെന്നോ? ‘‘ഖദ്ഖാമത്തിസ്സ്വലാഹ്’’ എന്ന് മുക്രിവിളിച്ചു പറയുമ്പോൾ
‘‘അഖാമ - ഹല്ലാഹു വ, അദാമഹാ’’ എന്ന് മറുപടി പറയണമെന്നാണ് അബൂഹു
റയ്റാ പ്രഭൃതികളുടേതായി അബൂദാവുദിലും മറ്റും രേഖപ്പെടുത്തിവെച്ച വാറോലക
ളിലൂടെ മത പുരോഹിതന്മാർ സമുദായത്തെ പഠിപ്പിച്ചിരിക്കുന്നത്. നമസ്കാരത്തെ
പ്പറ്റി ഖുർആനിലെ ആഹ്വാനം ‘‘അഖീമുസ്വലാത്ത’’ എന്നാണല്ലോ. നിങ്ങളെല്ലാം
നമസ്കാരം മുറപ്രകാരം നിർവ്വഹിക്കണമെന്നാണതിനർത്ഥമെന്നതിൽ തർക്കമില്ല.
ആ നമസ്കാരത്തിലേക്ക് വേഗം വരണമെന്നും അതിവിടെ നടക്കാൻ പോവുകയാ
ണെന്നുമാണ് ഇഖാമത്തിലൂടെ വിളിച്ചു പറയുന്നത്. അതിനുത്തരമായി ‘‘നമസ്കാരം
മുറപ്രകാരം അല്ലാഹു നിലനിർത്തിക്കോട്ടെ. അവനത് നിത്യമാക്കുകയും ചെയ്തു
കൊള്ളട്ടെ’’ എന്നാണത്രെ നമ്മളെല്ലാം വിളിച്ചു പറയേണ്ടത്. എന്തൊരു ധിക്കാരം!
ഏതൊരു പദത്തിലൂടെയാണോ അല്ലാഹു നമ്മളോടാജ്ഞാപിച്ചതെങ്കിൽ അതേ പദ
ത്തിലൂടെത്തന്നെ അല്ലാഹുവിനോട് തിരിച്ചടിക്കുകയല്ലേ നാം ചെയ്യുന്നത്. മാത്രമോ
അല്ലാഹു നമ്മളോട് ചില നിശ്ചിത സമയങ്ങളിൽ നമസ്ക്കരിച്ചാൽ മതി എന്ന് വ്യക്ത



മാക്കിയിരിക്കുന്നു. നമ്മളാണെങ്കിലോ അല്ലാഹുവിനോട് ഇടമുറിയാതെ നമസ്ക്ക
രിക്കണമെന്നാണ് പറയുന്നത്. ‘‘അദാമ’’ എന്ന അറബിപദത്തിന്റെ അർത്ഥമതാ
ണ്. അതല്ലെന്ന് ഭാഷ പഠിച്ചവരാരും പറയുകയില്ല. അങ്ങനെ ആരെങ്കിലും പറ
ഞ്ഞെങ്കിലോ എന്ന് കരുതിയിട്ടാണം ‘‘അബദൻ’’ എന്ന മറ്റൊരുപദവും കൂടി മൗലൂ
ദുകാരും മറ്റും കൂട്ടിച്ചേർക്കാൻ കാരണമായത്. അതെവിടെ എന്നു കാണുക.

— - - - - —

## ‘‘മൗലായസ്വല്ലി’’ യിലെ ധിക്കാരം

മൗലൂദിനും വഅളിന്നുമൊക്കെ സാധാരണ ചൊല്ലിവരാറുള്ള ഒരു സ്വലാ
ത്തുണ്ട്. ‘‘മൗലായ - സ്വല്ലി - വസില്ലം - ദാഇമൻ - അബദാ ’’ എന്നിങ്ങനെയാണ
ത്. അതിലാണ് ആ പദം കൂട്ടിചേർത്തിരിക്കുന്നത്. അതിന്റെ അർത്ഥമിപ്രകാരമാ
ണ്. ‘‘എന്റെ കർത്താവേ നബിയുടെ പേരിൽ കാലാകാലം ഇടമുറിയാതെ നീ
സ്വലാത്തും സലാമും ചൊല്ലിക്കൊണ്ടിരുന്നോളു ’’ മറ്റൊരു കാര്യത്തിലേക്കും തിരിയ
രുതെന്ന് സാരം. എത്ര വലിയ വിഢിത്തവും; ധിക്കാരവും: അസംബന്ധവുമാണാ
വിളിച്ചുകൂവുന്നത്. നബിക്ക് നിങ്ങൾ സ്വലാത്തും തസ്ലീമും ചെയ്യണമെന്ന്
അല്ലാഹു നമ്മളോട് കൽപിച്ചതിന്ന് പകരമായിട്ടാണ് ആ പണി രണ്ടും നീ തന്നെ
കാലാകാലം ചെയ്തുകൊണ്ടിരുന്നോളു എന്ന് വ്യക്തമായ ഭാഷയിൽ ലോകത്തൊ
ട്ടാകെ വിളിച്ചുകൂവിക്കൊണ്ടിരിക്കുന്നത്. അതിന്നെതിരിൽ അല്ലാഹുവിങ്കൽ
നിന്നുള്ള ഭയാനകമായ ശിക്ഷ നമ്മുടെ മേൽ വന്ന് വീഴാതിരിക്കുന്നത് അങ്ങനെ
ചൊല്ലാത്ത ഒരു ന്യൂനപക്ഷമെങ്കിലും ഇവിടെയുണ്ടായത്കൊണ്ടായിരിക്കാനേ വഴി
യുള്ളവെന്നാണ് ഖുർആൻ സുന്നത്ത്കാരായ നമ്മുടെ വ്യക്തമായ അഭിപ്രായം.

ചുരുക്കത്തിൽ അല്ലാഹു നമ്മളോടേൽപിച്ച പണി, അതേ പദമുപയോഗി
ച്ചുകൊണ്ട് അല്ലാഹുവിനോട് തന്നെ ചെയ്യാനേൽപിക്കുന്നത് തനി കുഫ്റും ധിക്കാ
രവുമാണ്. പദം മാറ്റാതെ, അർഥം മാറ്റിയാലും ആ ധിക്കാരം ഒഴിവാകുകയില്ല. ഉദാ
ഹരണമായി അല്ലാഹു നമ്മളോട് വിശ്വസിക്കാൻ കൽപിക്കുമ്പോൾ അല്ലാഹുവേ നീ
വിശ്വസിച്ചോ എന്നും അല്ലാഹു നമ്മളോട് സകാത്ത് നൽകാൻ ആജ്ഞാപിക്കുമ്പോൾ
‘‘അല്ലാഹുവേ നീ സകാത്ത് നൽകിക്കോ’’ എന്നും അല്ലാഹു നമ്മളോട് നോമ്പെടു
ക്കാൻ പറയുമ്പോൾ ‘‘അല്ലാഹുവേ നീ നോമ്പടുത്തോ’’ എന്നുമൊക്കെ പറയു
ന്നത് തികഞ്ഞ ധിക്കാരമാണെന്നതിൽ സംശയമില്ലല്ലോ. അപ്പോൾ അതേപ്രകാരം
തന്നെയാണ് അല്ലാഹു നമ്മളോട് സ്വലാത്ത്ചൊല്ലാൻ പറയുമ്പോൾ ‘‘അല്ലാഹുവേ
നീ സ്വലാത്ത് ചൊല്ലിക്കോ’’ എന്നും അല്ലാഹു നമ്മളോട് സലാംചൊല്ലാൻ പറയു

മ്പോൾ ''അല്ലാഹുവേ നീ സലാം ചൊല്ലിക്കോ'' എന്നും അല്ലാഹു നമ്മളോട് ഇഖാമ ത്തുസ്സ്വലാത്ത് നടത്താൻ പറയുമ്പോൾ അല്ലാഹു ഇഖാമത്തുസ്സവലാത്ത് നട ത്തിക്കോട്ടെ എന്നും മറ്റും പറയുന്നത് ധിക്കാരമാണെന്ന് മനസ്സിലാക്കാൻ വലിയ മുജ്തഹിദുകളൊന്നുമാവേണ്ടതില്ല. ഇതൊന്നും വിശദീകരിച്ചുപറയാൻ മാത്രം കെട്ടി ക്കുടുക്കുള്ളതോ അവ്യക്തങ്ങളോ ആയ പ്രശ്നങ്ങളുമല്ല. പക്ഷെ, ആയിരത്തി ലേറെ വർഷങ്ങളായി അബൂഹുറയ്റാ പ്രഭൃതികളായ ലോകസുന്നീപരോഹിതന്മാ രിൽ ഒറ്റൊന്നിന്റെയും തലയിൽ ഇക്കാലംവരെ ഇതൊന്നും കയറിയില്ലെന്ന് മാത്രം. ഖുർആൻ വലിച്ചെറിഞ്ഞുകൊണ്ട് അബൂഹുറയ്റയുടെ ജൂതസുന്നത്ത് തലയിലേറ്റി നടന്നതിന്റെ ഫലമായി അല്ലാഹു അവരെ ശപിച്ചത് കൊണ്ടാവും അവരുടെ തല യെല്ലാം ഇത്തരത്തിൽ മരവിച്ചുപോയതെന്നാണ് ശരിക്കും മനസ്സിലാക്കേണ്ടത്.

– – – – – – –

# അപ്പോൾ നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ പാടില്ലെന്നോ!

അതെ! അത് പാടില്ലെന്ന് തന്നെയാണ് ഖുർആൻ സുന്നത്തുകാരായ നമ്മുടെ വാദം. കാരണം ''സ്വല്ലുഅലന്നബിയ്യി'' എന്ന ഖുർആൻ വാക്യത്തിന്ന് നിങ്ങൾ നബിക്ക് വേണ്ടി പ്രാർത്ഥിക്കു എന്നാണർത്ഥമെന്ന് സമ്മതിച്ചാൽ തന്നെ ''അല്ലാ ഹുമ്മസ്വല്ലി'' എന്നോ, ''സ്വല്ലല്ലാഹു'' എന്നോ പറയുന്നത് തികച്ചും ധിക്കാരപര മായ പ്രയോഗമാണ്. അതില്ലാതാവണമെങ്കിൽ മറ്റേതെങ്കിലും പദം മാറ്റിപ്പറയാതെ പറ്റുകയില്ല. ഉദാഹരണമായി: ''അല്ലാഹുമ്മർഹം'' എന്നോ ''അല്ലാഹുമ്മൻസൂർ'' എന്നോ മറ്റോ പ്രാർത്ഥിക്കുകതന്നെ വേണം. അപ്രകാരം പ്രാർത്ഥിച്ചാൽ അത് ധിക്കാരമാണെന്ന് പറയാനൊക്കുകയില്ല. എങ്കിലും അതൊക്കെ അർഥശൂന്യവും അനാവശ്യവുമാണെന്ന് പറയേണ്ടിവരും. കാരണം: നബിക്ക് കരുണചെയ്യാനും നബിയെ സഹായിക്കാനും നമ്മൾ അല്ലാഹുവിനോട് പറയേണ്ട ആവശ്യമൊന്നുമില്ല. നമ്മൾ പറയാതെതന്നെ അല്ലാഹു അതെല്ലാം ചെയ്ത് കൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞതാണ്. ഖുർആനിലൂടെ അതൊക്കെ നമ്മളെ അറിയിച്ചതുമാണല്ലോ. മാത്ര മല്ല, മാനവലോകത്തിനാകമാനം കരുണയായിട്ടാണ് നബിയെ അല്ലാഹു നിയോഗി ച്ചിട്ടുള്ളതെന്നും ഖു: 21:107-ൽ വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നു. അങ്ങനെയു ള്ളൊരു പ്രവാചകന്ന് എന്തെങ്കിലും കരുണയും സഹായവും ചെയ്തുകൊടുക്കാൻ വേണ്ടി പാപികളും അൽപന്മാരായ നമ്മൾ ശുപാർശചെയ്യുക എന്നത് കേവലം പരി ഹാസ്യമായ ഒരു നടപടിയാണെന്നതിൽ സംശയമില്ല. കടലിൽ ഉപ്പ് കലക്കാൻ പോകുന്നതിന്ന് തുല്യമാണത്. അത് കൊണ്ട് അത്തരം വിഡ്ഢിത്തങ്ങളൊന്നും



ചെയ്യാൻ അല്ലാഹു ഒരിക്കലും കൽപിക്കുകയില്ല. ''സ്വല്ലൂഅലന്നബിയ്യ!'' എന്നതി ന്റർത്ഥം നിങ്ങൾ നബിക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നല്ലതാനും. പിന്നെയോ? നിങ്ങൾ നബിയോട് കരുണ കാണിക്കണം എന്ന് മാത്രമാണതിനർത്ഥം. അതായത് ഭൗതീക ജീവിതത്തിൽ നബിയെ നേരിടുന്ന പ്രയാസങ്ങളിലും പ്രതിസന്ധികളിലും നബിയെ സഹായിക്കണമെന്നും നബിയെ സംരക്ഷിക്കണമെന്നും സാരം. എത്ര ഉന്നതനായ പ്രവാചകനായിരുന്നാലും അതൊക്കെ ആവശ്യമായി വരികയും ചെയ്യും. അത്തരം സഹായവും സംരക്ഷണവും നൽകാത്തതിന്റെ പേരിലാണ് നബി പല പ്പോഴും പട്ടിണി കിടക്കേണ്ടിവന്നതും ഉഹ്ദ് യുദ്ധത്തിലും മറ്റും നബിക്ക് പരി ക്കേൽക്കാനിടയായതുമൊക്കെ.

ചുരുക്കത്തിൽ നബിക്ക് വേണ്ടി സാമ്പത്തികവും ശരീരികവുമായ ത്യാഗം സഹിക്കണമെന്ന് ഖുർആൻ കൽപിച്ചപ്പോൾ നബിക്ക് വേണ്ടി ലോകത്തൊട്ടാകെ ''സ്വലാത്ത് പൂരം'' പൊടിപൊടിക്കണമെന്നാണ് സുന്നീപരോഹിതലോകം വ്യാഖ്യാ നിച്ചത്. അത് തന്നെ അല്ലാഹുവിനെ പരസ്യമായി ധിക്കരിക്കുന്ന രൂപത്തിൽ ചൊല്ല ണമെന്നും. ഇതിലപ്പുറം അക്രമവും തെമ്മാടിത്തവും വേറം വല്ലതുമുണ്ടോ! എന്നിട്ടോ? ആ ധിക്കാരപരമായ സലാത്ത് കൂട്ടിച്ചേർത്തെങ്കിലല്ലാതെ ഒറ്റ നമസ്കാരവും ശരിയാ വുകയില്ലെന്നും മുസ്ലിം സമുദായത്തെ അവർ പഠിപ്പിച്ചു. അതിന്ന് പുറമെയാണ് ''അത്ത്വയ്യിബാത്തുലില്ലാഹി'' - നല്ല ഭക്ഷ്യസാധനങ്ങളും നല്ലനല്ല സ്ത്രീകളുമൊക്കെ അല്ലാഹുവിന്നുള്ളതാണ് എന്ന ശുദ്ധഅസംബന്ധം സകല നമസ്കാരത്തിലും ഉരു വിടൽ അവർ ഫർസാക്കിയത്. അവിടംകൊണ്ടവസാനിച്ചുവോ? ഇല്ല! ''പെരുങ്ക ള്ളനായ ഈസാനബി'' (അൽമസീഹുദുജ്ജാൽ) എന്നും കൂടി സമാപനമായി പറ ഞ്ഞിട്ടേ ആരും നമസ്കാരത്തിൽ നിന്ന് വിരമിക്കാവു എന്നാണ് ജൂതമുനാഫിഖായ അബൂഹുറയ്റയുടെ കൽപന. ആ കൽപന സ്വീകരിക്കാത്ത ഒറ്റ പുരോഹിത നെയും സുന്നീലോകത്ത് കാണുകയില്ല. നോക്കണം ! ഇത്തരം ആക്രമങ്ങളൊക്കെ ലോകത്തൊട്ടാകെ നടപ്പിലാക്കിയതല്ലാതെ, (അത്തഹിയ്യാത്തിന്റെ സ്ഥാനത്ത്) അല്ലാ ഹുവിന്ന് തസ്ബീഹ് ചൊല്ലുകയാണ് വേണ്ടതെന്ന് 50:40ൽ അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞിട്ടും ആ കൽപന സ്വീകരിച്ച ഒറ്റ സുന്നീപണ്ഡിതനേയും ലോക ത്തിന്നെവരെ അറിയപ്പെട്ടിട്ടില്ല. അവരുടെ ഒറ്റ ഗ്രന്ഥത്തിലും അത് രേഖപ്പെടുത്തി യിട്ടുമില്ല. അത്തഹിയ്യാത്ത് ഫർസാക്കിയ പുരോഹിതപ്പരിശകൾ അവിടെ ചൊല്ലാ നായി അല്ലാഹു കൽപിച്ച ഏക ആരാധനാമൊഴിയായ തസ്ബീഹിനെ ഒരു സുന്ന ത്തായിട്ടെങ്കിലും പരിഗണിച്ചില്ലെന്ന് താൽപര്യം. സുന്നത്ത് ജമാഅത്ത്കാർ തനി ഖുർആൻ നിഷേധികളാണെന്ന് നമ്മൾ ആവർത്തിച്ചു പറയാൻ കാരണമിതാണ്. ഖുർ ആൻ എന്ന പരിശുദ്ധനാമം അവരുടെ പേരിൽ നിന്ന് പോലും അവർ വലിച്ചെറി ഞ്ഞതും വെറുതെയല്ലല്ലോ.

# നബിയുടെ പേര് കേൾക്കുമ്പോൾ എന്തു വേണം?

**ഒന്നും വേണ്ടതില്ല**...! കാരണം നബിയുടെ പേര് പലതരത്തിലായി 215 സ്ഥലത്ത് ഖുർആനിലുണ്ട്. അവിടെയൊന്നും തന്നെ നബിയുടെ നാമം പറഞ്ഞതിന്റെ പേരിൽ എന്തെങ്കിലും ദുആയോ ദിക്റോ ചൊല്ലിയിട്ടില്ല. ചൊല്ലാൻ പറഞ്ഞിട്ടുമില്ല. നബിയുടെ പേര് പറയുമ്പോഴും കേൾക്കുമ്പോഴുമൊക്കെ നബിയെ ബഹുമാനിക്കാനായി സ്വലാത്തും സലാമും മറക്കാതെ ചൊല്ലുന്ന പുരോഹിതന്മാർ അല്ലാഹുവിനെ ബഹുമാനിക്കാനായി തസ്ബീഹോ, ഹംദോ ചൊല്ലാതിരിക്കുന്നത് തനി ധിക്കാരമല്ലേ? അല്ലാഹുവിനെ ധാരാളമായി സ്മരിക്കണമെന്ന് ഖുർആൻ ആവർത്തിച്ചു കൽപിച്ചിട്ടും അല്ലാഹുവിന്റെ പേര് കേൾക്കുമ്പോൾ ആ ബോധമില്ലാത്ത പുരോഹിതപരിഷകൾക്ക് നബിയുടെ പേര് കേൾക്കുമ്പോൾ മാത്രം ആ ബോധമുണ്ടാവാൻ കാരണമെന്ത്? അപ്പോൾ നബിയെ പൂജിക്കുന്നവർ അല്ലാഹുവിനെ മാനിക്കുന്നില്ലെന്ന് നാമാദ്യം പറഞ്ഞത് എത്രത്തോളം സത്യമായിട്ടുണ്ടെന്ന് വായനക്കാർ മനസ്സിലാക്കിവെക്കുന്നത് നന്ന്. അതേപോലെ നബിയോട് ഭക്തി കാണിക്കാൻ വേണ്ടി നമ്മൾ സ്വലാത്തും സലാമും ചൊല്ലുമ്പോൾ അല്ലാഹുവിനെ അവഹേളിക്കലാണത് കൊണ്ടുണ്ടായിത്തീരുന്നതെന്ന കടുത്ത യാഥാർത്ഥ്യം നാം മേലിലെങ്കിലും മനസ്സിലാക്കാതെ പറ്റുകയില്ല.

- - - - - - - - - - –

## ദൈവധിക്കാരപരമായ ഈ സ്വലാത്ത് പ്രചാരത്തിലായതെങ്ങിനെ?

ഏത് ഭാഷപ്രകാരവും ഏത് സാഹിത്യമനുസരിച്ചും അല്ലാഹുവിനെ ധിക്കരിക്കലാണ് ഇവിടെ പ്രചരിപ്പിക്കപ്പെട്ട സ്വലാത്തിലുള്ളതെന്ന് ബുദ്ധിയുള്ള സകലർക്കും മനസ്സിലാക്കാവുന്നതാണെന്നിരിക്കെ, അത്തരത്തിലുള്ളൊരുസ്വലാത്ത് മുസ്ലിംകൾക്കിടയിൽ എങ്ങനെ പ്രചാരത്തിലായി എന്നായിരിക്കും പലർക്കും ചോദിക്കാനുണ്ടാവുക. എന്നാൽ അബൂഹുറയ്റയുടെ ജൂതപ്രവർത്തനം മുറപ്രകാരം നടത്തപ്പെട്ടിരുന്ന മുആവിയയുടെ ഭരണകാലത്ത് - ഖുർആനിക സത്യങ്ങൾ തുറന്ന് പറയാനോ അബൂഹുറയുടെ ജൂതഹദീസുകൾ എതിർക്കാനോ ഒരു മനുഷ്യനുമില്ലാതിരുന്ന കാലത്ത് - അബൂഹുറയ്റയും തന്റെ കൂട്ടുകാരുംകൂടി നെയ്ത് വിട്ടിരുന്ന സകല കള്ളഹദീസുകളും - ജൂതന്മാരുടെ പ്രവാചകനായ ''മൂസാനബി അസ്റാഈലിന്റെ കണ്ണ് അടിച്ചുതെറിപ്പിച്ചു'' എന്നത് പോലുള്ള പെരുങ്കള്ളങ്ങളടക്കം - ബുഖാരി മുസ്ലിമിലൂടെ പ്രചാരത്തിലാക്കിയ കൂട്ടത്തിൽ - ''പെരുങ്കള്ളനായ ഈസാനബി'' എന്ന കുഫ്റ് വാക്യം പോലും സകല നമസ്കാരത്തിലും മുസ്ലിംകളെക്കൊണ്ട് ചൊല്ലിപ്പിച്ച സന്ദർഭത്തിൽ - അത്രയൊന്നും വ്യക്തമല്ലാത്ത വിധത്തിലുള്ളൊരു സ്വലാത്ത് പ്രചാരത്തിലാക്കാൻ അബുഹുറയ്റാകമ്പനിക്കാർക്ക് കഴിഞ്ഞെങ്കിൽ അതിലൊട്ടും അത്ഭുതപ്പെടാനില്ല. അബൂഹുറയ്റാ കമ്പനിക്കാർ ആ സ്വലാത്ത് പ്രചാരത്തിലാക്കാൻ വേണ്ടി കെട്ടിവിട്ട ഹദീസ്കേട്ടാൽ ആർക്കും ആ സ്വലാത്തിനെപ്പറ്റി സംശയം തോന്നാനവകാശവുമില്ല. അത്രക്കും തന്ത്രപരമായിട്ടാണ് ആ ഹദീസ് അവതരിപ്പിച്ചിരിക്കുന്നത്. അതെങ്ങനെ എന്ന് കാണുക ! ''അബുഹുറയ്റ:യുടെ കമ്പനിയിൽപ്പെട്ട അബുമസ്ഊദ് '' എന്ന മനുഷ്യൻ (ഇബ്നുമസ്ഊദല്ല) പറയുകയാണ്. ഞങ്ങൾ സഅ്ദ്ബ്നു ഉബാദത്തിന്റെ സദസ്സിലിരിക്കവെ നബി അവിടേക്ക് വന്നു. അപ്പോൾ ബശീറുബ്നു സഅ്ദ് എന്ന ആൾ ചോദിച്ചു: 'നബിയേ! അങ്ങയുടെ പേരിൽ സ്വലാത്ത് ചൊല്ലണമെന്ന് അല്ലാഹു ഞങ്ങളോട് കൽപിച്ചിരിക്കുന്നുവല്ലോ, അതിനാൽ എങ്ങനെയാണ് സ്വലാത്ത് ചൊല്ലേണ്ടതെന്ന് ഞങ്ങൾക്ക് പഠിപ്പിച്ചുതരിക' എന്ന്. അതോടെ നബി മിണ്ടാതെ അടങ്ങിയിരിപ്പായി. (എന്ത് മറുപടി പറയണമെന്നറിയാതെ നബി വിഷമിച്ചു!) എത്രത്തോളമെന്ന് പറഞ്ഞാൽ : അയാൾക്ക് നബിയോടതിനെപ്പറ്റി ചോദിക്കേണ്ടതില്ലായിരുന്നുവെന്ന് വരെ ഞങ്ങളാഗ്രഹിച്ചു. അപ്പോഴതാ (നബിക്കൊരു പുതിയ വഹ്യ് ലഭിച്ചത്പോലെ) നബി പറഞ്ഞു. 'നിങ്ങളെല്ലാവരും അല്ലാഹുമ്മസ്വല്ലി അലാമുഹമ്മദ്....' എന്ന് ചൊല്ലിക്കോളു എന്ന് ''.

നോക്കുക! ഇത്രയും പാശ്ചാത്തല വിവരണത്തോടെ അല്ലാഹുതന്നെ നേരിട്ടറിയിച്ചു കൊടുത്ത ഒരു സ്വലാത്താണതെന്ന് തെറ്റിദ്ധരിപ്പിക്കും വിധം മുആവിയയുടെ കാലത്തെ അയ്യുഹന്നാസുകളെ മുഴുവൻ പഠിപ്പിക്കുകയും ബുഖാരി, മുസ്ലിം, അഹ്മദ്, അബുദാവുദ്, തിർമിദി, നസാഇ മുതലായ സകല ഹദീസ് പ്രമാണിമാരും അതൊക്കെ എഴുതി പ്രചരിപ്പിക്കുകയും ചെയ്താൽ പിന്നെ, ഏത് പുരോഹിതനാണതിനെപ്പറ്റി ചിന്തിക്കാനോ പരിശോധിക്കാനോ തയ്യാറാവുക? മേൽപറഞ്ഞ ഹദീസ് പ്രമാണിമാർ ഏകോപിച്ച് റിപ്പോർട്ട് ചെയ്ത ഏതെങ്കിലുമൊരു ഹദീസിനെപ്പറ്റി - അത് ഖുർആനിന്ന് കടകവിരുദ്ധമായാൽ പോലും - ചിന്തിക്കുകയോ സംശയം രേഖപ്പെടുത്തുകയോ ചെയ്യുന്ന സ്വഭാവം സുന്നീ പരോഹിതന്മാരായ നാല് മദ്ഹബ്കാർക്കിടയിൽ ഇന്നേവരെയുണ്ടായിട്ടുണ്ടോ? അതില്ലെന്നതിന്ന് അവരുടെ സകല മഹാഭാര

തങ്ങളും സാക്ഷിയല്ലേ? അപ്പോൾ ഇത്രയും തന്ത്രപരമായി അബൂഹുറയ്റാ പ്രച്യ തികൾ ലോകത്തൊട്ടാകെ അക്കാലത്ത് തന്നെ പ്രചാരത്തിലാക്കിയ സ്വലാത്ത് പിൽക്കാ ലത്ത് പ്രചാരത്തിലായതെങ്ങിനെ എന്ന് ചോദിക്കേണ്ടതുണ്ടോ?

– – – – – – – – – – –

# ആ കള്ളഹദീസിലെ പൊള്ളത്തരങ്ങൾ കാണുക

1) സ്വലാത്ത് ചൊല്ലണമെന്നാദ്യവും സലാം ചൊല്ലണമെന്ന് രണ്ടാമതായും കൽപിച്ച ആയത്തവതരിച്ച ശേഷം ആദ്യം കൽപിക്കപ്പെട്ട സ്വലാത്ത് ചൊല്ലേണ്ടതെ ങ്ങനെ എന്ന് പഠിപ്പിക്കാതെയാണത്രെ, രണ്ടാമത് കൽപിക്കപ്പെട്ട സലാമിനെപ്പറ്റി ആദ്യം പഠിപ്പിച്ചത്. (2) ആ സലാമാണെങ്കിലൊ തനി ശിർക്കൻ സലാമാണെന്നും നമസ്കാരമെന്ന ഗ്രന്ഥത്തിൽ 93-ാം പേജിൽ) ഖുർആൻകൊണ്ട് ഞാൻ ശക്തിയായി സ്ഥാപിച്ചിട്ടുണ്ട്. നമസ്കാരത്തിൽ അല്ലാഹുവിനെയല്ലാതെ, മറ്റൊരാളെയും വിളി ക്കാൻ പാടില്ലെന്ന ഖുർആനിന്റെ ഗൗരവമേറിയ നിരോധനത്തിന് വിരുദ്ധമായി ആ സലാമിൽ (അത്തഹിയ്യാത്തിലുള്ളതിൽ) നബിയെ നേരിട്ട് വിളിക്കുന്നുവെന്നതാണ തിലുള്ള ശിർക്കെന്നും അവിടെ സമർത്ഥിച്ചിരിക്കുന്നു. (3) സലാമിനെപറ്റി പഠിപ്പി ച്ചശേഷം ദിവസങ്ങളോ മാസങ്ങളോ കഴിഞ്ഞപ്പോൾ ബശീറുബ്നു സഅ്ദ് എന്ന ഒരു മനുഷ്യൻ മാത്രമേ സ്വലാത്തിനെ പറ്റിയുള്ള പ്രബോധനം നബിക്ക് വിട്ടുപോയ കാര്യം നബിയെ ഉണർത്തിയുള്ളൂവത്രെ! ഖുർആൻ പണ്ഡിതന്മാരും പ്രഗൽഭരു മായ സ്വഹാബിമാരിൽ ഓരാൾക്കും അക്കാര്യം ഉണർത്താൻ തോന്നിയില്ലപോൽ! (4) എന്നല്ല, നബിക്ക്പോലും അന്നേവരെ അതിനെപറ്റി യാതൊരു ഐഡിയയും ഉണ്ടാ യിരുന്നുമില്ല. ഖുർആൻ കൽപന വന്ന ശേഷവും നമസ്കാരത്തിൽ സ്വലാത്തൊന്നും ചൊല്ലാതെയാണ് അവരെല്ലാം നമസ്ക്കരിച്ചതെന്ന് താൽപര്യം. (5) അല്ലാഹു നമ്മ ളോട് സ്വലാത്ത് ചൊല്ലാൻ കൽപ്പിക്കുമ്പോൾ അതിന്റെ പ്രതികരണമായി നമ്മൾ അല്ലാഹുവിനോട് സ്വലാത്ത് ചൊല്ലാൻ കൽപ്പിക്കുന്നത് ശരിയാണോ എന്നെങ്കിലും ചോദിക്കാൻ നാവുള്ള ഒറ്റ മനുഷ്യനും സഹാബികളുടെ കൂട്ടത്തിലേ ഉണ്ടായിരുന്നി ല്ലെന്ന് വ്യക്തം. എന്നാൽ ആ ധിക്കാരപരമായ രൂപത്തിൽ തന്നെ സ്വലാത്ത് ചൊല്ല ണമെന്ന് കൽപ്പിച്ചതിന്റെ രഹസ്യം ഇന്നതാണെന്ന് മരണംവരെ നബി വിവരിക്കുക യുണ്ടായോ? അതുമില്ല. അല്ലോൾ അല്ലാഹു മൂന്ന്നേരം നമസ്കരിക്കാൻ കൽപ്പി



ക്കുമ്പോൾ അത് അഞ്ച് നേരമാക്കണമെന്നും ഖുർആനിൽ പ്രധാനപ്പെട്ട 10 ഇസ്ലാം കാര്യം പഠിപ്പിക്കുമ്പോൾ അത് 5 എണ്ണമേയുള്ളുവെന്നും അല്ലാഹു നമ്മളോട് സ്വലാത്ത് ചൊല്ലാൻ ആജ്ഞാപിക്കുമ്പോൾ നമ്മൾ അല്ലാഹുവിനോട് സ്വലാത്ത് ചൊല്ലാൻ ആജ്ഞാപിക്കണമെന്നും മറ്റുമുള്ള അട്ടിമറികൾ പഠിപ്പിക്കലാണത്രെ ! നബിയുടെ ഖുർആൻ വിശദീകരണം. അല്ലാതെ അത്തരത്തിലുള്ള വൈരുദ്ധ്യ ങ്ങൾ വരാനുള്ള കാരണമെന്തന്നതിനെപ്പറ്റി എന്തെങ്കിലും വിശദീകരണം ഏതെ ങ്കിലും കാലത്ത് സ്വഹാബിമാരിലാരെയെങ്കിലും നബി പഠിപ്പിക്കുകയോ, അല്ലെങ്കിൽ ''എല്ലാം ചോദിച്ചുപഠിക്കാൻ വേണ്ടിമെനക്കെട്ട് നടന്നിരുന്ന'' ''അബൂഹുറയ്റ മഹാ നവർകളെ' ങ്കിലും മേൽപറഞ്ഞ പ്രശ്നങ്ങളിലൊന്നിനെക്കുറിച്ചെങ്കിലും നബിയോട് വിശദീകരണം തേടുകയോ ചെയ്തില്ല. അതുണ്ടെന്ന് ലോകത്തൊരാൾക്കും തെളി യിക്കാൻ സാധ്യവുമല്ല.

– – – – – – – – –

# ഇക്കാലംവരെ ഇതൊന്നും വെളിപ്പെടാതിരിക്കാൻ കാരണമെന്ത്?

ഖുർആനിലെയും ഹദീസിലെയും ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയുള്ള ചോദ്യ ങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയാനായി ഗ്രന്ഥങ്ങളെഴുതിത്തയ്യാറാക്കിയ അനവധി മതപണ്ഡിതന്മാർ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. തത്വചിന്തകരും മത പരിഷ്കർത്താക്കളും ബുദ്ധിരാക്ഷസന്മാരുമായിരുന്ന - ധാരാളം പ്രഗൽഭരും അക്കൂ ട്ടത്തിലുണ്ട്. ഇമാംഗസ്സാലി, ഇമാംറാസി, ഇബ്നുഹസം, ഇബ്നുതൈമിയ്യ. ഇബ്നുൽഖ യ്യിം, മുഹമ്മദബ്ദ, റശീദുർറിസാ, അബുൽകലാം ആസാദ്, മൗലാനാമൗദൂതി മുത ലായ പ്രസിദ്ധന്മാർ അവരിൽ ചിലരാണ്. ഇന്നിവിടെ ജീവിച്ചിരിപ്പുള്ള യൂസു ഫുൽഖർളാവി, ഇബ്നുബാസ്, നാസിറുദ്ദീനിൽ അൽബാനി, അബുൽഹസൻ അലീ നദ് വി, അഹ്മദ്ദീദാത്ത് മുതലായ ലോകപണ്ഡിതന്മാർ വേറെയും. എന്നാൽ മേൽപ റഞ്ഞവരിൽ ഒരാളെങ്കിലും മേൽ പ്രസ്താവിച്ച വൈരുദ്ധ്യങ്ങൾക്കോ ധിക്കാരപര മായ ആചാരങ്ങൾക്കോ എന്തെങ്കിലും മറുപടിയോ വിശദീകരണമോ എഴുതിയതായി ആർക്കെങ്കിലും തെളിയിക്കാമോ? സാധ്യമല്ല. അബൂഹുറയ്റയുടെ ''റാൻ മൂളിക ളാ' യിരിക്കുന്ന കാലത്തോളം എത്രവലിയ പണ്ഡിതനോ ബുദ്ധിരാക്ഷസനോ ആയി

രുന്നാലും അവർക്കതൊന്നും തലയിൽ കയറുകയുമില്ല. ഇന്നേവരെയുള്ള മുസ്ലിം ലോകചരിത്രം ഇപ്പറഞ്ഞതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ്. നമ്മുടെ സമുദായത്തിന്ന് ഇത്തരം അപകടങ്ങളേയും അനാചാരങ്ങളേയുംപറ്റി ഇക്കാലംവരെ ബോധമുണ്ടാവാതിരിക്കാനുള്ള ഏക കാരണവുമതാണ്. അതിനെക്കുറിച്ചൊന്നും ഇനി വിലപിച്ചിട്ടോ അത്ഭുതപ്പെട്ടിട്ടോ യാതൊരു കാര്യവുമില്ല. ഖുർആനിക തെളിവുകൾ നിരത്തിവെച്ചുകൊണ്ട്, അബുഹുറയ്റ തനി ജൂതമുനാഫിഖാണെന്ന് തെളിയിച്ചുകൊണ്ട്, അയാളുടെ ഹദീസുകളെല്ലാം ഖുർആൻ വിരുദ്ധങ്ങളാണെന്ന് ലക്ഷ്യസഹിതം സ്ഥാപിച്ചുകൊണ്ട്, പച്ചമലയാളത്തിൽ അവതരിപ്പിക്കുന്ന ഈ ഖുർആനിക സത്യങ്ങൾ ആരുടെയെങ്കിലും തലയിൽ കയറുന്നുണ്ടോ എന്ന് മാത്രം ചിന്തിച്ചാൽമതി. അതുണ്ടെങ്കിൽ പാരമ്പര്യമായി ലഭിച്ച ജാഹിലീശരീഅത്ത് വലിച്ചെറിഞ്ഞുകൊണ്ട് മേലിലെങ്കിലും സാക്ഷാൽ ഖുർആൻ സുന്നത്തനുസരിച്ചു ജീവിക്കാൻ നാം തയ്യാറാവുക. ആയതിന്ന് സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ''റബ്ബിഗ്ഫിർ, വർഹം''

– – – – – – –

## പണ്ഡിതൻമാരെ തരം താഴ്ത്തുകയല്ല : തരം താഴ്ന്നവരെ വെളിക്ക് കൊണ്ടുവരികയാണ്.

1350 വർഷങ്ങളോളമായി നമ്മുടെ സമുദായത്തിൽ നിലനിന്ന്പോന്ന ഖുർആൻ വിരുദ്ധാചാരങ്ങളെപ്പറ്റി ഇന്നേവരെ ചിന്തിക്കുകയോ ഗവേഷണം നടത്തുകയോ ചെയ്യാതെ, അബൂഹുറയ്റ എന്ന ജൂതമുനാഫിഖിന്റെ 'തിരുവായിലൂടെ' ചാടിയ സകല മണ്ടത്തരങ്ങളും അനാചാരങ്ങളും ഖുർആൻവിരോധവുമെല്ലാം അതേപടി നിലനിർത്തികൊണ്ട് സമുദായോദ്ധാരണം നടത്താൻവേണ്ടി രംഗത്ത് വന്ന പണ്ഡിതന്മാരെപ്പറ്റി മതിപ്പോടും ബഹുമാനത്തോടും കൂടി സംസാരിക്കാൻ മനസ്സ് വരുന്നില്ല. 1300 വർഷക്കാലം വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്താതെ, സകല ഭാഷക്കാരിൽ നിന്നും അത് പൂഴ്ത്തിവെച്ച മതവഞ്ചകരാണ് സുന്നീലോകത്തറിയപ്പെട്ട പൂർവ്വപണ്ഡിതന്മാരെന്നറിയുമ്പോൾ വിശേഷിച്ചും. ലോകഭാഷകളിലേക്കെല്ലാം ഖുർആൻ പരിഭാഷപ്പെടുത്തപ്പെട്ട ഈ നൂറ്റാണ്ടിലെ ലോകപണ്ഡിതന്മാരും ഖുർആൻ ഗവേഷണത്തിൽ അത്ര മികച്ചവരൊന്നുമല്ല. ആയിരുന്നുവെങ്കിൽ നമ്മളിപ്പോൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഖുർആനിക സത്യങ്ങളൊന്നും അവരാരും അറിയാതെ പോയിരുന്നുമില്ല. അപ്പോൾ ഖോജാക്കളും ഇമാമുകളുമായി അറിയപ്പെടുന്ന



നമ്മുടെ ലോകപണ്ഡിതന്മാരൊക്കെ ഖുർആൻ ഗവേഷണം നടത്തുന്നതിലും അതിൽ ഇജ്ത്തിഹാദ് ചെയ്യുന്നതിലും എല്ലാകാലത്തും, വീഴ്ചവരുത്തീട്ടുണ്ടെന്ന കാര്യം തീർച്ചയാണ്. അല്ലെന്ന വാദക്കാരുണ്ടെങ്കിൽ ഖുർആൻ സമഗ്രമായി പരിശോധിച്ചുകൊണ്ട് നമ്മൾ നിരത്തിവെക്കുന്ന ഖുർആനികതെളിവുകൾക്ക് അവർ വായ തുറന്ന് മറുപടി പറയണം. പക്ഷെ ഈ ദുനിയാവിൽ നിന്നതുണ്ടാവുകയില്ലെന്ന് 30 വർഷത്തെ അനുഭവത്തിൽ നിന്ന് ഈയുള്ളവൻ പഠിച്ചറിഞ്ഞതാണ്. ഇനിയെങ്കിലും അതുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ ഖുർആൻ നിലനിൽക്കുന്ന കാലത്തോളം സാധ്യവുമല്ല. അത്രക്കും കണിശവും വ്യക്തവുമായ തെളിവുകളാണ് ഖുർആനിലുള്ളതെന്നത് കൊണ്ട് തന്നെ.

അനാഥ പൗത്രന്മാർക്കവകാശമുണ്ടെന്നതിന്ന് പ്രബലമായ മൂന്ന് തെളിവുകൾ ഖുർആനിലുണ്ടായിട്ടും മേൽപറയപ്പെട്ട ലോകപണ്ഡിതന്മാരിൽ ഒരാളും അതിനെപ്പറ്റി ഒരക്ഷരം ഉരിയാടിയില്ല. ഇന്നുള്ള ലോക പണ്ഡിതന്മാർക്കും അതിനൊന്നും യാതൊരു മറുപടിയും പറയാനുമില്ല. അപ്പോൾ അവരുടെ ബുദ്ധിശൂന്യത നിമിത്തം - ഖുർആനിൽ അവർ വേണ്ടത്ര ഗവേഷണം നടത്താത്തത്മൂലം - ലക്ഷക്കണക്കിൽ അനാഥകളാണ് കഴിഞ്ഞ നൂറ്റാണ്ടുകളിലും ഇപ്പോഴും തെരുവ് തെണ്ടികളായിത്തീരേണ്ടി വന്നത്. അധോവായുപോയാൽ അധോവായു പോവാത്തിടത്തെല്ലാം കഴുകണമെന്ന കഴുതനിയമം മൂലം കോടാനുകോടി മുസ്ലിംകൾ ദിനംപ്രതി അഞ്ച് നേരം കഷ്ടപ്പാടനുഭവിക്കാൻ തുടങ്ങിയിട്ട് 1350 വർഷമായി. ഇന്നേവരെ ആ കഷ്ടപ്പാടിന്നും യാതൊരു പരിഹാരവും അവർ ഖുർആനിൽനിന്നു കണ്ട് പിടിച്ചില്ല. അങ്ങനെ പലതും. പിന്നെങ്ങനെയാണവരെ ആക്ഷേപിക്കാതിരിക്കുക ?

– – – – – – –

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. നമസ്കാരം എങ്ങനെ എപ്പോൾ എത്ര ?
2. നമസ്കാരം മൂന്ന് മാത്രം
3. ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനവും സുന്നത്ത് ജമാഅത്തിലെ സ്ഥാനവും
4. ഖുർആനിലെ നമസ്കാരരൂപം
5. പ്രമാണയോഗ്യമായ ഹദീസേത് ?
6. ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
7. ഖുർആനിലെ പിന്തുടർച്ചാ നിയമം
8. ഖുതുബ പരിഭാഷയും, സ്ത്രീകളുടെ ജുമുഅയും
9. ഇസ്ലാം കാര്യം അഞ്ചല്ല,: പത്തുണ്ട്
10. അബൂഹുറയ്റയുടെ തനിനിറം
11. തറാവീഹും തഹജ്ജുദും നബിക്ക് മാത്രം
12. സർവ്വമത സത്യവാദം ഖുർആനിൽ
13. ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനം
14. നബിയുടെ പേരിൽ സ്വലാത്തും, സലാമും ചൊല്ലേണ്ടതെങ്ങനെ ?
15. സുല്ലമിക്ക് മറുപടി
16. ഇസ്ലാമിക ശരീഅത്തും, ഇന്ത്യൻ ശരീഅത്തും സുപ്രീം കോടതി വിധിയും
17. ബുഖാരിയും. മുസ്ലിമും ലോക പൊള്ളന്മാർ
18. മതധ്വംസനമല്ല; പൗരോഹിത്യധ്വംസനമാണ്
19. ഇസ്രാഉം, മിഅറാജും.